VOL NO: 07 I ISSUE 52
www.nerpatham.com
mail@nerpatham.com
2023 DECEMBER 30 I ₹10

# നേർപഥം

വാരിക



# ക്വുർആനിന്റെ സംരക്ഷണം; യൂറോപ്യൻ ഗവേഷണ പഠനങ്ങൾ പുറത്തുവിട്ട വസ്തുതകൾ

അവതീർണമായ രൂപത്തിൽ സംരക്ഷിക്കപ്പെടുമെന്ന് അവകാശപ്പെടുന്ന ഒരേയൊരു വേദഗ്രന്ഥം ക്വുർആനാണ്. ഹൃദിസ്ഥമായും ലിഖിത രൂപത്തിലും സംരക്ഷിക്കപ്പെട്ട അതിന്റെ ആദ്യകാല കയ്യെഴുത്ത് കോപ്പികൾ കണ്ടെടുത്തതും അതിനെക്കുറിച്ച് മുസ്‌ലിംകളല്ലാത്ത ഗവേഷകർ നടത്തിയ പ്രസ്താവനകളും വിശ്വാസികളെ മാത്രമല്ല ചരിത്ര കുതുകികളെയും അതിശയിപ്പിക്കുന്നതും ചിന്തിപ്പിക്കുന്നതുമാണ്.

## കാലം പകർന്നുനൽകുന്ന പാഠങ്ങൾ

|| സ്വലാഹുദ്ദീൻ അയ്യൂബിയും യഹൂദരും

|| ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യയുടെ അവസാന നാളുകൾ

|| ‘ക്ലാവ്’ പിടിച്ച ആദർശവും ‘ക്ലച്ച്’ പിടിക്കാത്ത കറാമത്ത് കഥകളും

## ഹുസൈൻ സലഫിയുടെ **പ്രകാശം പരത്തിയ പ്രവാചകന്മാർ**
## എന്ന പുസ്തക പരമ്പരയിലെ **830 രൂപ** വില വരുന്ന
## 5 പുസ്തകങ്ങൾ ഇപ്പോൾ വെറും **622 രൂപക്ക്**




കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക | Mobile: +91 73567 66478
Whatsapp: 73567 66478

WISDOM BOOKS

**PUBLISHING | DISTRIBUTION**
WISDOM BOOKS, E.K.P. Building, Calicut
www.wisdomislam.org publication@wisdomislam.org
0495 4019437 73567 66478




yono SBI | SBI Payments
MERCHANT NAME: WISDOM BOOKS AND PUBLICATIONS
UPI ID: WISDOMBOOKS@SBI
SCAN & PAY
BHIM SBI Pay
BHIM UPI


### പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. ആരാധനകളുടെ ആത്മാവ് | ശമീർ മദീനി |
| 02. വിശ്വാസത്തിന്റെ അടിത്തറ ഭാഗം 2 | ഉമർ കോയ മദീനി |
| 03. പ്രകാശം പരത്തിയ പ്രവാചകന്മാർ/ഭാഗം 5 | ഹുസൈൻ സലഫി |
| 04. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 07. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 08. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 09. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 10. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |

0362

# നേർപഥം

വാരിക

2023 ഡിസംബർ 30
1445 ജു.ഉഖ്റാ 17
പുസ്തകം 07 / ലക്കം 52






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly





കവർ സ്റ്റോറി 10

## ക്വുർആനിന്റെ സംരക്ഷണം: യൂറോപ്യൻ ഗവേഷണ പഠനങ്ങൾ പുറത്തുവിട്ട വസ്തുതകൾ

സബീൽ ബിൻ അബ്ദുസ്സലാം, പട്ടാമ്പി

മുഖമൊഴി
കാലം പകർന്നു നൽകുന്ന പാഠങ്ങൾ 05

ലേഖനം
ക്വബ്റിൽനിന്ന് പുറത്തു വന്നയാളോട് ഖാദിയാനി പ്രവാചകന്റെ കൈയാങ്കളി!
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ 06

ഹദീസ് പാഠം
മുകളിലുള്ള കൈയിന്റെ മേന്മ
ഉസ്മാൻ പാലക്കാഴി 09

കാഴ്ച
വിശപ്പിന്റെ വിലയറിയുന്നവരും അറിയാത്തവരും
സലാം സുറുമ എടത്തനാട്ടുകര 15

ക്വുർആൻ ദർശനം
സൂറ: അസ്സുമർ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി 16

ലേഖനം
മനുഷ്യ മസ്തിഷ്കം
ഡോ. ഷാനവാസ്, ഫ്ലോറിഡ 18

ലേഖനം
21 സമസ്തയുടെ 'ക്ലാവ്' പിടിച്ച ആദർശവും 'ക്ലച്ച്' പിടിക്കാത്ത കറാമത്ത് കഥകളും
മൂസ സ്വലാഹി കാര

ലേഖനം
26 സ്വലാഹുദ്ദീൻ അയ്യൂബിയും യഹൂദരും
ഇ.യൂസുഫ് സാഹിബ് നദുവി

നിയമപഥം
30 സൗജന്യനിയമസേവനം
അബൂ ആദം അയ്മൻ

ചരിത്രപഥം
32 ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യയുടെ അവസാന നാളുകൾ
നൂറുദ്ദീൻ സ്വലാഹി വെട്ടത്തൂർ

ബാലപഥം
33 നന്മയിൽ മത്സരിക്കാം
അർഷദ് അൽഹികമി താനൂർ

ബാലപഥം
34 സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട
ആഷിൽ



# സ്കൂൾ ഓഫ് ഖുർആൻ സർഗസംഗമം സമാപിച്ചു

പാണക്കാട്: ജാമിഅ അൽഹിന്ദ് അൽ ഇസ്‌ലാമിയ്യയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂൾ ഓഫ് ഖുർആൻ വിദ്യാർഥികളുടെ സംസ്ഥാനതല സർഗസംഗമം 'അൽ ഇത്ഖാൻ' സമാപിച്ചു.

പാണക്കാട് ജാമിഅ അൽഹിന്ദ് ലേഡീസ് ക്യാമ്പസിൽ നടന്ന പ്രോഗ്രാമിൽ ആറ് വേദികളിൽ 20 മത്സര ഇനങ്ങളിലായി 300ലധികം പ്രതിഭകളാണ് മാറ്റുരച്ചത്.

കുട്ടികളുടെ സർഗബോധം വളർത്താനും മത്സരബുദ്ധി നിലനിർത്താനും ഉത്തരവാദിത്ത ബോധമുള്ളവരാക്കിത്തീർക്കാനും ഇത്തരം മത്സരങ്ങൾ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുവെന്ന് പ്രോഗ്രാം ഉദ്ഘാടനം ചെയ്ത പി. ഉബൈദുല്ല എം.എൽ.എ അഭിപ്രായപ്പെട്ടു.

സ്കൂൾ ഓഫ് ഖുർആൻ കോഡിനേറ്റർ മുസ്‌ലിം ബിൻ ഹൈദർ അധ്യക്ഷത വഹിച്ചു. സ്കൂൾ ഓഫ് ഖുർആൻ റസിഡൻഷ്യൽ കാമ്പസിൽ നിന്ന് പഠനം പൂർത്തിയാക്കിയവർക്കുള്ള ഉപഹാരങ്ങൾ പി. ഉബൈദുല്ല എം.എൽ.എ, നബീൽ രണ്ടത്താണി എന്നിവർ വിതരണം ചെയ്തു.

ജാമിഅ അൽഹിന്ദ് ഡയറക്ടർ ഫൈസൽ മൗലവി ആമുഖ ഭാഷണം നടത്തി. ഹാരിസ് അൻസാരി, വസീം അൽഹികമി, അനിൽ പ്രിംറോസ് എന്നിവർ സംസാരിച്ചു. സയ്യിദ് അബ്ദുല്ല, നൗഫൽ സി.പി, സിയാദ് അൽ ഹികമി, അബ്ദു റഊഫ് അൽഹികമി, അജ്മൽ ഫൗസാൻ, സഹൽ മദീനി, സ്വലാഹുദ്ദീൻ ഇബ്നു സലീം, ടി.കെ തഖിയുദ്ദീൻ, ഫസൽ മമ്പാട്, എന്നിവർ നേതൃത്വം നൽകി.

ലെവൽ മൂന്ന്, അഞ്ച് ഓവറോൾ ട്രോഫികൾ മഞ്ചേരിയും ലെവൽ നാല് ഓവറോൾ ട്രോഫി കൊല്ലായിലും കരസ്ഥമാക്കി.

ശൈഹാ മറിയം കോട്ടക്കൽ: ലെവൽ മൂന്ന്, അബ്ദുറഹ്മാൻ പി.ടി. മഞ്ചേരി: ലെവൽ നാല്, ഫാരിസ് അഹ് മദ് കൊല്ലം: ലെവൽ അഞ്ച് എന്നിവർ വ്യക്തിഗത ചാമ്പ്യരായി തെരഞ്ഞെടുക്കപ്പെട്ടു.

വിജയികൾക്ക് സ്കൂൾ ഓഫ് ഖുർആൻ ഡയറക്ടർ അനിൽ പ്രിംറോസ് ട്രോഫിയും സർട്ടിഫിക്കറ്റും വിതരണം ചെയ്തു.

# കാലം പകർന്നുനൽകുന്ന പാഠങ്ങൾ

"കാലം തന്നെയാണ് സത്യം; തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവർ ഒഴികെ."

വിശുദ്ധ ക്വുർആനിലെ ചെറിയ അധ്യായങ്ങളിൽ ഒന്നായ 'അൽഅസ്വ്‌റി'ന്റെ (103:1-3) അർഥമാണ് മുകളിൽ കൊടുത്തിട്ടുള്ളത്. മനുഷ്യചരിത്രത്തിന്റെ ഭൂതകാലാനുഭവങ്ങളിൽനിന്നും ഉരുത്തിരിയുന്ന പാഠമാണ് ദുർവൃത്തരുടെ നഷ്ടം അനിവാര്യമാണെന്നത്. കാലം പഠിപ്പിച്ച പാഠങ്ങൾ, ദൈവിക മാർഗദർശനാനുസൃതം മനുഷ്യൻ ജീവിതത്തെ തിരുത്തണമെന്നാണ്. കാലത്തിന്റെ പാഠങ്ങൾ ചിന്താപരമായി മനുഷ്യനെ വളർത്തുന്നവയാണ്. ഈ അധ്യായത്തിന്റെ മുഖ്യമായ സന്ദേശം അതാണ്.

കാലത്തെക്കൊണ്ട് സത്യം ചെയ്യുന്നതിലൂടെ ഗതകാല ചരിത്രസംഭവങ്ങൾ, ആശയങ്ങൾ, ചിന്താഗതികൾ, വ്യക്തികളുടെ പ്രവർത്തനങ്ങൾ എന്നിവയിലേക്ക് മനുഷ്യരാശിയുടെ ശ്രദ്ധ തിരിക്കുകയാണ് ക്വുർആൻ ചെയ്യുന്നത്. കാലത്തിന്റെ പാഠമെന്ന നിലയിൽ അവതരിപ്പിക്കുന്ന രണ്ട് സംഗതികൾ; സത്യവിശ്വാസം സ്വീകരിക്കുകയും സൽപ്രവൃത്തികൾ ചെയ്യുകയും സത്യവും ക്ഷമയും കൈക്കൊള്ളുവാൻ പരസ്പരം ഉപദേശിക്കയും ചെയ്തവർ ഒഴികെ മറ്റെല്ലാവരും പരാജയത്തിലാണ്; എന്നാൽ അത്തരമൊരു ജീവിതസംസ്കാരം അവലംബിച്ചവർ പരാജിതരല്ല എന്നിവയാണ്. സദ്‌വൃത്തരായ ആളുകളോട് ചേർന്ന് നിൽക്കുവാനും അവരിൽ ഉൾപ്പെടുവാനും ശ്രമിച്ചവർ വിജയികളും അല്ലാത്തവർ പരാജിതരുമായതിന്റെ ചരിത്രം എമ്പാടുമുണ്ട്.

വിജയികളും പരാജിതരുമായി വേർതിരിഞ്ഞ് നിൽക്കുന്ന ഭൂതകാല മനുഷ്യസഞ്ചയത്തിന്റെ അനുഭവങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന എല്ലാ ക്വുർആൻ വചനങ്ങളുടെയും മുമ്പോ ശേഷമോ ആയി വരുന്ന പരാമർശങ്ങൾ ചിന്തിക്കുവാനോ പാഠങ്ങൾ ഉൾക്കൊള്ളുവാനോ സൽകർമങ്ങൾ അനുഷ്ഠിക്കുവാനോ ആഹ്വാനം ചെയ്യുന്നവയാണെന്നത് ശ്രദ്ധേയമാണ്.

"നിങ്ങൾക്കു മുമ്പ് പല (ദൈവിക) നടപടികളും കഴിഞ്ഞുപോയിട്ടുണ്ട്. അതിനാൽ നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിച്ചിട്ട് സത്യനിഷേധികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കുവിൻ. ഇത് മനുഷ്യർക്കായുള്ള ഒരു വിളംബരവും ധർമനിഷ്ഠ പാലിക്കുന്നവർക്ക് മാർഗദർശനവും സാരോപദേശവുമാകുന്നു" (3:137-138).

നന്മയും തിന്മയും അനുസരിച്ചുള്ള രണ്ട് വ്യത്യസ്ത ജീവിതരീതികളിലൂടെ മുന്നോട്ട് പോകുന്ന മാനവരാശിക്ക്, അത്തരം വിഭിന്ന ജീവിതരീതികളെ അടിസ്ഥാനമാക്കിയുള്ള അനുഭവങ്ങളെ അഭിമുഖീകരിക്കേണ്ടി വരുക സ്വാഭാവികം. നന്മയുടെയും തിന്മയുടെയും ഫലങ്ങളും പാഠങ്ങളും വ്യത്യസ്തങ്ങളായിരിക്കും. തിന്മ ചെയ്യേണ്ടി വരിക എന്നതും തിന്മയെ ജീവിതചര്യയാക്കുക എന്നതും വേറിട്ട കാര്യങ്ങളാണ്. തിന്മ ചെയ്യേണ്ടി വരികയും, പിന്നീട് നന്മയിലേക്ക് എത്തിച്ചേർന്ന്, നന്മയിൽ അധിഷ്ഠിതമായ ജീവിതം നയിക്കുകയും ചെയ്താൽ ചരിത്രത്തിലെ ദുർവൃത്തരുടെ പട്ടികയിൽനിന്ന് മോചനം നേടാൻ കഴിയുമെന്ന സന്ദേശം എല്ലാ ദൂതന്മാരുടെയും പ്രബോധനങ്ങളിൽ ഉണ്ടായിരുന്നു.

ദൈവികമാർഗദർശന പ്രകാരമുള്ള പരിവർത്തനം വിജയത്തിന്റെയും പരിവർത്തനമില്ലായ്മ പരാജയത്തിന്റെയും അടിസ്ഥാനമാണ്. സ്വന്തം തെറ്റുകളും പരിമിതികളും തിരിച്ചറിഞ്ഞ് തിരുത്തുവാൻ തയ്യാറാകുന്നത് സ്രഷ്ടാവിനോടുള്ള വിധേയത്വത്തിന്റെ അടയാളമാണ്.

ലേഖനം



ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 46

# ഖ്വബ്റിൽനിന്ന് പുറത്തുവന്നയാളോട് ഖാദിയാനി പ്രവാചകന്റെ കൈയാങ്കളി!

പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ
: 9447 701 741

## മഞ്ഞപ്പുതപ്പുകൾ

"ഞാൻ ചില രോഗങ്ങൾകൊണ്ട് പരീക്ഷിക്കപ്പെടുകയും ചിലത് പ്രാർഥനയുടെ മഹത്ത്വംകൊണ്ട് പെട്ടെന്ന് സുഖപ്പെടുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ നാലഞ്ചുദിവസങ്ങളായി മൂത്രവാർച്ചയും അതിസാരവുംകൊണ്ട് ഏറെ പരിക്ഷീണനായിരിക്കവെ, ഞാൻ പ്രാർഥിച്ചപ്പോൾ ഇൽഹാം അവതരിച്ചു: 'നിന്റെ പ്രാർഥന സ്വീകരിച്ചിരിക്കുന്നു!' പിന്നെ ആ പരാതി മാറ്റിവച്ചു. മറ്റെല്ലാ കുറിപ്പടികളെക്കാൾ മഹത്തായ ഒരു കുറിപ്പടിയാണ് അല്ലാഹു നൽകിയത്. ഒളിച്ചുവയ്ക്കേണ്ടതാണ്. എന്നാൽ അതൊരു പിശുക്ക് ആകുമെന്നു കരുതി വെളിപ്പെടുത്തുകയാണ് ഞാൻ" (പേജ് 385).

എന്നാൽ ഇതേ അസുഖം തന്റെ നിയോഗത്തിനുള്ള അടയാളമാണെന്നും അത് മാറാൻവേണ്ടി പ്രാർഥിച്ചപ്പോൾ അല്ലാഹു അനുവദിച്ചില്ലെന്നും തുടർന്ന് പറയുന്നു! ശരിയാണ്, മിർസയുടെ 'ഇൽഹാമിയോപ്പതി'യിൽ ചില രോഗങ്ങൾ പെട്ടെന്ന് മാറും. ചിലത് തീരെ മാറില്ല. രണ്ടായാലും വൈദ്യര് നബി തന്നെ! കാര്യം എന്താണെന്നല്ലേ?

"മസ്തിഷ്കദൗർബല്യവും തലകറക്കവും മൂലം എന്റെ ശക്തി തീരെ കുറഞ്ഞുപോയിരുന്നു. എന്തെങ്കിലും എഴുതാൻ ഇനി സാധിക്കുകയില്ലെന്ന് ഞാൻ ആശങ്കിച്ചു. ചിലപ്പോൾ ശരീരത്തിൽ ജീവനില്ലാത്ത പോലെയാവും..."

"രണ്ടു രോഗങ്ങൾ എന്നെ മാറാതെ പിടികൂടിയിരുന്നു. ഒന്ന് ശരീരത്തിന്റെ മേൽഭാഗത്തും മറ്റൊന്ന് താഴ്ഭാഗത്തും. തലകറക്കവും മൂത്രവാർച്ചയുമാണവ. ഞാൻ ദൈവനിയുക്തനാണെന്ന വാദം പ്രഖ്യാപിച്ച അന്നു തുടങ്ങിയതാണ് ഈ രണ്ടു രോഗങ്ങൾ. ഞാൻ

അവ മാറാനായി പ്രാർഥിച്ചെങ്കിലും പറ്റില്ല എന്നായിരുന്നു മറുപടി.”

“വാഗ്ദത്ത മസീഹ് രണ്ടു മഞ്ഞപ്പുതപ്പുകൾ പുതച്ചുകൊണ്ട് രണ്ടു മലക്കുകളുടെ ചുമലിൽ കൈവച്ചായിരിക്കും ഇറങ്ങുക. ആ രണ്ടു മഞ്ഞ വസ്ത്രങ്ങളാണ് ഈ രോഗങ്ങൾ. ഇവ എന്റെ ശാരീരികാവസ്ഥയുമായി ചേർന്നു നിൽക്കുകയാണ്. പ്രവാചകന്മാരൊക്കെ ഏകകണ്ഠമായി അംഗീകരിച്ച കാര്യമാണ്, മഞ്ഞ വസ്ത്രത്തിന്റെ വ്യാഖ്യാനം രോഗമാണെന്ന്” (പേജ് 529, 530).

ഇതാണ് ഖാദിയാനി പ്രവാചകന്റെ ഒരു ദൗർബല്യം. എന്തെങ്കിലും ഒന്ന് പറഞ്ഞാലുടനെ മുൻ പ്രവാചകന്മാരുടെയും ഇമാമുമാരുടെയുമൊക്കെ അഭിപ്രായങ്ങളുമായി അതിനെ സമീകരിച്ചുകൊണ്ട് തെളിവു നിരത്തും. താൻ ഒരു പ്രവാചകത്വവാദിയാണെന്ന കാര്യം മറന്ന്, ഒരു സാധാരണ മൗലവിയെപ്പോലെ തന്റെ വാദങ്ങൾക്ക് തെളിവു നിരത്തുകയാണ്! യഥാർഥ നബിയാണെങ്കിൽ സ്വന്തമായി പറഞ്ഞാൽ തന്നെ മതിയല്ലോ. ഈ ഒരു നിലപാട് എല്ലാ കാര്യത്തിലും നമുക്ക് കാണാനാവും.

ഏതായാലും സ്വന്തം മാറാരോഗങ്ങൾക്കുള്ള ന്യായമാണ് ബഹുവിചിത്രം. അതേസമയം തന്റെ പ്രവാചകത്വത്തിനുള്ള അടയാളങ്ങൾ, അവ എത്ര ഗുരുതരവും വെറുപ്പുളവാക്കുന്നതും ആയ രോഗങ്ങളാണെങ്കിലും മാറാൻ വേണ്ടി പ്രാർഥിക്കുന്നത് വലിയ വിഡ്ഢിത്തമല്ലേ? അവ സുഖപ്പെട്ടാൽ പിന്നെ എങ്ങനെ തിരിച്ചറിയാൻ കഴിയും? ഏതായാലും ആധുനിക യുഗത്തിൽ നിയുക്തനായ ഒരു പ്രവാചകന്റെ അടയാളം കണ്ടെത്താൻ കുറച്ച് ബുദ്ധിമുട്ട് തന്നെയാണ്.

**എന്തെങ്കിലും ഒന്ന് പറഞ്ഞാലുടനെ മുൻ പ്രവാചകന്മാരുടെയും ഇമാമുമാരുടെയുമൊക്കെ അഭിപ്രായങ്ങളുമായി അതിനെ സമീകരിച്ചുകൊണ്ട് തെളിവു നിരത്തും. താൻ ഒരു പ്രവാചകത്വവാദിയാണെന്ന കാര്യം മറന്ന്, ഒരു സാധാരണ മൗലവിയെപ്പോലെ തന്റെ വാദങ്ങൾക്ക് തെളിവു നിരത്തുകയാണ്! യഥാർഥ നബിയാണെങ്കിൽ സ്വന്തമായി പറഞ്ഞാൽ തന്നെ മതിയല്ലോ. ഈ ഒരു നിലപാട് എല്ലാ കാര്യത്തിലും നമുക്ക് കാണാനാവും.**



### വേണ്ടാവിചാരം!

അങ്ങനെയൊക്കെയാണെങ്കിലും മിർസായുടെ ആരോഗ്യം അല്ലാഹു കോൺട്രാക്ട് എടുത്തതാണത്രെ! മുൻഷി സഫർ അഹ്മദ് എഴുതുന്നു: “ഒരിക്കൽ മസീഹിന് കഠിനമായ ചൊറി പിടിച്ചു. കൈകളിൽ കുരുക്കൾ പൊങ്ങിയതിനാൽ എഴുതാനും മറ്റു കാര്യങ്ങൾക്കും സാധിക്കാതെ വന്നു. പല ചികിത്സകളും ചെയ്തിട്ടും മാറിയില്ല. ഒരു ദിവസം അസ്വ്റിന്റെ സമയത്ത് കണ്ടപ്പോൾ അദ്ദേഹത്തിന്റെ കൈകൾ ശുദ്ധമായിരുന്നു. പക്ഷേ, കണ്ണ് നിറഞ്ഞിരുന്നു. ധൈര്യം സംഭരിച്ചുകൊണ്ട് ഞാൻ ചോദിച്ചു: ‘എന്താണ് അസാധാരണമായി കരയുന്നത്?’ അദ്ദേഹം പറഞ്ഞു: ‘എനിക്ക് ഒരു വേണ്ടാവിചാരം ഉണ്ടായി. അല്ലാഹു എത്ര വലിയ ജോലിയാണ് എന്നെ ഏൽപിച്ചിട്ടുള്ളത്. അതേസമയം എന്റെ ആരോഗ്യസ്ഥിതിയോ? എന്നും എന്തെങ്കിലും അസുഖങ്ങളും പ്രയാസവും തന്നെ. അപ്പോൾ എനിക്കൊരു ഇൽഹാം വന്നു: ‘നാം നിന്റെ ആരോഗ്യത്തിന്റെ കരാർ എടുത്തിട്ടുണ്ട്’ എന്ന്. അതോടെ എന്റെ മനസ്സിൽ വല്ലാത്ത പ്രയാസവും കുറ്റബോധവും തോന്നി. ഞാൻ വെറുതെ അനാവശ്യം ചിന്തിച്ചുപോയല്ലോ. ഇൽഹാം ഉണ്ടായപ്പോൾ തന്നെ എന്റെ കൈയിലെ ചൊറിയും മാറി. അതിന്റെ അടയാളം പോലും കാണാനില്ലായിരുന്നു. ഒരു വശത്ത് ഇൽഹാമിന്റെ കരുത്തും ശക്തിയും കാണുമ്പോൾ തന്നെ മറുവശത്ത് അല്ലാഹുവിന്റെ കാരുണ്യവും ശ്രേഷ്ഠതയും കാണാൻ സാധിക്കുന്നു. വല്ലാത്ത ആവേശം തോന്നുന്നു. ദുഃഖഭാരത്താൽ കരച്ചിലും വരുന്നു” (പേജ് 685).

നമസ്കാരത്തിൽ കറുത്ത സത്വങ്ങളെ കാണുകയും കാലുകൊണ്ട് തൊഴിക്കുകയും ചെയ്യുന്ന മറാഖ് രോഗവും ദിനേന നൂറുപ്രാവശ്യം മൂത്രമൊഴിക്കേണ്ടിവരുന്ന മൂത്രവാർച്ചയും കാരണമായി നമസ്കാരങ്ങൾക്ക് ഇമാമായി നിൽക്കാനോ ഖുത്വുബ നിർവഹിക്കാനോ സാധിക്കാത്ത ഒരു പ്രവാചകന്റെ അവസ്ഥ ഒന്നാലോചിച്ചുനോക്കൂ. ആർക്കാണ് വേവലാതിയും പ്രയാസവും തോന്നാതിരിക്കുക?

അക്കാലത്ത് ഖാദിയാനിലും പരിസരങ്ങളിലും ഡോക്ടർമാരുടെയും ആശുപത്രികളുടെയും ആവശ്യമേ ഉണ്ടായിരുന്നില്ല,

തന്റെ പ്രാർഥന മതി എല്ലാ രോഗങ്ങളും മാറുവാൻ എന്നു തോന്നുംവിധമാണ് മിർസ കിതാബുകളിൽ എഴുതിപ്പിടിപ്പിച്ചിട്ടുള്ളത്. പ്രാർഥനയുടെ ഫലമായി നിമിഷനേരംകൊണ്ട് തന്റെയും അനുയായികളുടെയും ചിലപ്പോൾ ശത്രുക്കളുടെ പോലും ചൊറിയും ചുമയും മാറാരോഗങ്ങളും ഭേദമാകുന്നു! എന്തിനേറെ ജീവൻ പോയവരെ ജീവിപ്പിക്കുന്നു! എന്നാൽ വാസ്തവമെന്താണ്? 'കറുത്ത മരണം' എന്നറിയപ്പെട്ട പ്ലേഗ് രോഗം താണ്ഡവമാടിയപ്പോൾ അതിന്റെ പിടിയിൽപെട്ട അനുയായികളെ പോലും മിർസാ ഖാദിയാനിക്ക് രക്ഷിക്കാനായില്ല. വ്യാപകമായ മരണം ഉണ്ടായില്ലല്ലോ എന്ന് സമാധാനിക്കുകയായിരുന്നു അദ്ദേഹം. രോഗിയെ കാണുന്നു, ദുആ ചെയ്യുന്നു; വഹ്‌യ് വരുന്നു, സുഖമാകുന്നു എന്ന 'അതിശീഘ്രപ്രക്രിയ' മാരകരോഗങ്ങളുടെ കാര്യത്തിൽ സംഭവിച്ചതേയില്ല!

**ദീർഘായുസ്സിനു വേണ്ടി**

ഇതുതന്നെയാണ് ആയുസ്സ് വർധിപ്പിക്കാൻ വേണ്ടിയുള്ള പ്രാർഥനകളുടെയും പരിണതി. 11.12.1903ന് ഉണ്ടായ ഒരു 'ദർശനം' ഇങ്ങനെ: "ഞാൻ ഒരു ഖബ്‌റിന്മേൽ ഇരിക്കുകയാണ്. ഖബ്‌റിൽ ഉള്ളയാൾ പുറത്തുവന്ന് എന്റെ മുമ്പിൽ ഇരുന്നു. ഇന്ന് അത്യാവശ്യ കാര്യങ്ങൾക്കായി ദുആ ചെയ്താലോ എന്ന ചിന്തയുണർന്നു. ഇയാൾ ആമീൻ പറഞ്ഞാൽ കാര്യം സാധിക്കുമല്ലോ. ഞാൻ പ്രാർഥിക്കാൻ തുടങ്ങി. ചിലതൊക്കെയേ ഓർമയിലുള്ളൂ. ഓരോ പ്രാർഥനക്കും അയാൾ ആമീൻ പറഞ്ഞുകൊണ്ടിരുന്നു. ജമാഅത്തിന്റെ വളർച്ചക്കും അല്ലാഹുവിന്റെ സഹായത്തിനും വേണ്ടി പ്രാർഥിക്കവെ എനിക്കു തോന്നി, എന്റെ ആയുസ്സ് വർധിപ്പിക്കാൻ വേണ്ടി പ്രാർഥിക്കാമെന്ന്. എന്നാൽ 'എനിക്ക് 95 വയസ്സുവരെ ജീവിതം തരേണമേ' എന്ന പ്രാർഥനക്ക് അയാൾ ആമീൻ പറഞ്ഞില്ല. എന്താണ് ആമീൻ പറയാത്തത് എന്ന ചോദ്യത്തിന് മറുപടിയും പറഞ്ഞില്ല. ഞാൻ നിർബന്ധിച്ചും കടുപ്പിച്ചും പറഞ്ഞു. കൈയാങ്കളിയുടെ വക്കിലെത്തിയപ്പോൾ അയാൾ പറഞ്ഞു: 'പ്രാർഥിച്ചോളൂ, ഞാൻ ആമീൻ പറയാം.' ഞാൻ പറഞ്ഞു: 'എന്റെ ആയുസ്സ് 95 വയസ്സുവരെ നീട്ടിത്തരണേ.' അയാൾ ആമീൻ പറഞ്ഞു. ഞാൻ വീണ്ടും അവനോട് പറഞ്ഞു: 'നല്ല മനസ്സോടെ എല്ലാ ദുആക്കും ആമീൻ പറഞ്ഞ നിങ്ങൾ എന്താണ് ഇങ്ങനെ കാണിച്ചത്?' അയാൾ അതുമിതുമൊക്കെ പറഞ്ഞൊഴിഞ്ഞു. ഞാൻ കൃത്യമായി ഓർക്കുന്നില്ല. ഏതായാലും മൊത്തത്തിൽ പറഞ്ഞ കാരണം നാം ഏതെങ്കിലും കാര്യത്തിൽ ആമീൻ പറയുന്നതോടെ നമ്മുടെ ഉത്തരവാദിത്തം വർധിക്കുമെന്നാണ്" (പേജ് 507).

എങ്ങനെയുണ്ട്? ഖബ്‌റിന്മേൽ ചവിട്ടുവാൻ പോലും പാടില്ല എന്നാണ് മുഹമ്മദ് നബി(സ്വ) പഠിപ്പിച്ചിട്ടുള്ളത്. എന്നാൽ ഖാദിയാനി നബി ഖബ്‌റിന്മേൽ ഇരിക്കുന്നു. അപ്പോൾ ഖബ്‌റിലുള്ളയാൾ പുറത്തുവരുന്നു. മിർസക്ക് അതിൽ യാതൊരു അമ്പരപ്പുമില്ല! ഇയാൾ ആമീൻ പറഞ്ഞാൽ കാര്യം സാധിക്കുമല്ലോ എന്ന് മിർസ വിചാരിക്കുന്നു! ഖബ്‌റിൽ നിന്നും ആരെങ്കിലും എഴുന്നേറ്റു വരികയും പ്രാർഥനക്ക് അയാൾ ആമീൻ പറയുകയും ചെയ്താൽ ആ പ്രാർഥന സ്വീകരിക്കപ്പെടുമെന്നും ഖാദിയാനി നബി കരുതുന്നു. മുഹമ്മദ് നബി(സ്വ) പഠിപ്പിച്ച മതത്തിൽ ഏതായാലും ഇങ്ങനെയൊരു വിശ്വാസം പഠിപ്പിക്കുന്നില്ല. 'എനിക്ക് 95 വയസ്സുവരെ ജീവിതം തരേണമേ' എന്ന് ഖാദിയാനി നബി പ്രാർഥിച്ചപ്പോൾ, ഖബ്‌റിൽനിന്നും എഴുന്നേറ്റുവന്ന ആ മനുഷ്യൻ ആമീൻ പറയാത്തതിനാൽ തല്ലാൻവരെ ഒരുങ്ങുന്നു. അങ്ങനെ ഭീഷണിക്കു വഴങ്ങി അയാൾ ആമീൻ പറയുന്നു. വല്ലാത്തൊരു ഗതികേടു തന്നെ! ഏതായാലും ഈ പ്രാർഥന സ്വീകരിക്കപ്പെട്ടില്ല. 70 വയസ്സ് ആകും മുമ്പേ അദ്ദേഹം മരിച്ചുപോയി. സ്വന്തം കാര്യത്തിനു വേണ്ടി മരിച്ചവരോട് പോലും കയ്യാങ്കളി നടത്തിയ ഒരു നബിയെയാണല്ലോ ഖാദിയാനികൾക്ക് കിട്ടിയത്! അയാൾ പിന്നെ ഖബ്‌റിലേക്ക് തിരിച്ചു പോയോ എന്തോ!

2004ലെ പുതിയ പതിപ്പുകളിൽ ഇത് ഒഴിവാക്കിയിട്ടുണ്ട്. കാരണം പറയേണ്ടത് ഖാദിയാനി നേതൃത്വമാണ്. ഇതിൽ പറയുന്ന കാര്യങ്ങൾ അവർക്കുതന്നെ വിശ്വസിക്കാൻ പറ്റാത്തതിനാലാവാം. ഇങ്ങനെയൊക്കെയായിട്ടും ആയുസ്സ് നീട്ടിക്കിട്ടാത്തതുകൊണ്ട് ആളുകൾ വിശ്വസിക്കാതിരിക്കുമോ എന്ന് ഭയന്നിട്ടുമാകാം. ഏതായാലും അല്ലാഹുവിൽനിന്ന് ലഭിച്ചു എന്നവകാശപ്പെടുന്ന സന്ദേശങ്ങളെ ആവശ്യാനുസരണം ഒഴിവാക്കാനും എഡിറ്റ് ചെയ്യാനും നേതൃത്വത്തിന് ഒരു മടിയും പേടിയുമില്ല! യഥാർഥ ഇസ്‌ലാം ഒരിക്കലും അനുവദിക്കാത്തതും അംഗീകരിക്കാത്തതുമാണിത്.

**ഖബ്‌റിന്മേൽ ചവിട്ടുവാൻ പോലും പാടില്ല എന്നാണ് മുഹമ്മദ് നബി(സ്വ) പഠിപ്പിച്ചിട്ടുള്ളത്. എന്നാൽ ഖാദിയാനി നബി ഖബ്‌റിന്മേൽ ഇരിക്കുന്നു. അപ്പോൾ ഖബ്‌റിലുള്ളയാൾ പുറത്തുവരുന്നു. മിർസക്ക് അതിൽ യാതൊരു അമ്പരപ്പുമില്ല! ഇയാൾ ആമീൻ പറഞ്ഞാൽ കാര്യം സാധിക്കുമല്ലോ എന്ന് മിർസ വിചാരിക്കുന്നു! ഖബ്‌റിൽനിന്നും ആരെങ്കിലും എഴുന്നേറ്റു വരികയും പ്രാർഥനക്ക് അയാൾ ആമീൻ പറഞ്ഞാൽ ആ പ്രാർഥന സ്വീകരിക്കപ്പെടുമെന്നും ഖാദിയാനി നബി കരുതുന്നു.**

# മുകളിലുള്ള കൈയിന്റെ മേന്മ



**ഉസ്മാൻ പാലക്കാഴി**
: 9656 292 244

നബി(സ) പറഞ്ഞു: "മനുഷ്യാ, മിച്ചമുള്ളത് ചെലവഴിക്കുന്നത് നിനക്ക് ഗുണകരവും ചെലവഴിക്കാതിരിക്കുന്നത് നിനക്ക് ദോഷകരവുമാണ്. അത്യാവശ്യത്തിന് കരുതിവെക്കുന്നത് ആക്ഷേപാർഹമല്ല. അടുത്തബന്ധുക്കൽനിന്ന് തുടങ്ങുക. താഴെയുള്ള കൈയിനെക്കാൾ ഉത്തമം ഉയർന്നുനിൽക്കുന്ന കൈയാണ്" (മുസ്‌ലിം).

പരസ്പര സഹകരണത്തോടെ ജീവിക്കേണ്ടവരാണ് മനുഷ്യർ. ധനികരും ദരിദ്രരുമെല്ലാം പരാശ്രയം ആവശ്യമില്ലാത്ത, എല്ലാവർക്കും ആശ്രയമായ അല്ലാഹുവിന്റെ സൃഷ്ടികളാണ്. മനുഷ്യരുടെ നിലനിൽപും പരസ്പരാശ്രയത്തിലൂടെയാണ്. ധനികൻ ധനവായിത്തീർന്നതിനു പിന്നിൽ ഒരുപാട് പാവങ്ങളുടെ അധ്വാനമുണ്ടാകും. ദരിദ്രർക്ക് തങ്ങളുടെ ഉപജീവന മാർഗം കണ്ടെത്താൻ കഴിയുന്നത് ധനികരുള്ളത് കൊണ്ടാണ്.

ദാരിദ്ര്യവും സമ്പന്നതയും ദൈവിക പരീക്ഷണമാണ്. ദാരിദ്ര്യം അനുഭവിക്കുന്നവർ ആ വിഷമാവസ്ഥയിലും സ്രഷ്ടാവിനെ മറക്കാതിരിക്കാൻ ശ്രമിക്കേണ്ടതുണ്ട്. ധനികൻ തന്റെ സമ്പന്നതയിൽ മതിമറന്ന് സ്രഷ്ടാവിനെ ധിക്കരിക്കാതിരിക്കുകയും അവനോട് നന്ദി കാണിക്കുകയും ചെയ്യേണ്ടതുണ്ട്. തന്റെ ധനം കൊണ്ട് നരകത്തിലെത്തിച്ചേരാനും സ്വർഗത്തിലെത്തിച്ചേരാനും കഴിയുമെന്ന് അവൻ ഗ്രഹിക്കണം. അന്യായമായി സമ്പാദിക്കുകയും അധാർമികതയുടെ മാർഗത്തിൽ ചെലവഴിക്കുകയും ചെലവഴിക്കേണ്ട മാർഗങ്ങളെ അവഗണിക്കുകയും ചെയ്താൽ ധനംകൊണ്ടുള്ള പരീക്ഷണത്തിൽ അവൻ പരാജിതനാണെന്ന് വരുന്നു.

അഗതികളും അശരണരും അനാഥരുമായവരോട് അങ്ങേയറ്റം അനുഭാവം പുലർത്തുവാൻ കൽപിച്ച മതമാണ് ഇസ്‌ലാം. സ്രഷ്ടാവിന്റെ പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് അവന്റെ മാർഗത്തിൽ ചെലവഴിക്കുന്നവർക്ക് മഹത്തായ പ്രതിഫലമുണ്ടെന്ന് ഇസ്‌ലാം അറിയിക്കുന്നു.

വിശുദ്ധ ഖുർആൻ പറയുന്നു: "അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ധാന്യമണിയോടാകുന്നു. അത് ഏഴു കതിരുകൾ ഉൽപാദിപ്പിച്ചു. ഓരോ കതിരിലും നൂറ് ധാന്യമണിയും. അല്ലാഹു താനുദ്ദേശിക്കുന്നവർക്ക് ഇരട്ടിയിരട്ടിയായി നൽകുന്നു..." (2:261).

സത്യമതത്തിനു വേണ്ടിയും സഹജീവികൾക്കു വേണ്ടിയും ചെലവഴിക്കുമ്പോൾ അത് തങ്ങൾക്കു വേണ്ടിയുള്ള ചെലവഴിക്കൽ തന്നെയാണ്. അഥവാ അതിന്റെ പ്രതിഫലം ചെലവഴിക്കുന്നവർക്കു തന്നെയാണ് എന്നും ഖുർആൻ ഉണർത്തുന്നു: "നിങ്ങൾ ധനം ചെലവഴിക്കുന്നുവെങ്കിൽ അത് സ്വന്തം നന്മയ്ക്കു തന്നെയാണ്. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചല്ലാതെ നിങ്ങൾ ചെലവഴിക്കുന്നില്ലല്ലോ. നിങ്ങളെന്ത് ചെലവഴിച്ചാലും അതിന്റെ പ്രതിഫലം നിങ്ങൾക്ക് പൂർണമായും നൽകപ്പെടുന്നതാണ്. നിങ്ങളോട് അൽപം പോലും അനീതി കാണിക്കുകയില്ല" (2:272).

ഉദാരമതികൾക്കുള്ള പ്രതിഫലത്തെക്കുറിച്ച് ഖുർആൻ പറയുന്നു: "രാത്രിയും പകലും രഹസ്യമായും പരസ്യമായും തങ്ങളുടെ സ്വത്തുക്കൾ ചെലവഴിച്ചു കൊണ്ടിരിക്കുന്നവർക്ക് അവരുടെ രക്ഷിതാവിങ്കൽ അവർ അർഹിക്കുന്ന പ്രതിഫലമുണ്ടായിരിക്കുന്നതാണ്. അവർ യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല" (2:274).


എന്നാൽ ചെലവഴിക്കുന്നത് ലോകമാന്യത്തിനുവേണ്ടിയാകുന്നതും ആർക്കുവേണ്ടി ചെലവഴിച്ചുവോ അവരെ അതിന്റെ പേരിൽ ശല്യപ്പെടുത്തുന്നതും ശിക്ഷാർഹവും കൊടുത്തതിന്റെ കൂലി ഇല്ലാതാക്കുന്നതുമാണെന്ന് ഖുർആൻ (2:264) മുന്നറിയിപ്പു നൽകുന്നുണ്ട്.

കവർ സ്റ്റോറി

# ക്വുർആനിന്റെ സംരക്ഷണം; യൂറോപ്യൻ ഗവേഷണ പഠനങ്ങൾ പുറത്തുവിട്ട വസ്തുതകൾ

സബീൽ ബിൻ അബ്ദുസ്സലാം, പട്ടാമ്പി
:94470 86246

**അവതീർണമായ രൂപത്തിൽ സംരക്ഷിക്കപ്പെടുമെന്ന് അവകാശപ്പെടുന്ന ഒരേയൊരു വേദഗ്രന്ഥം ക്വുർആനാണ്. ഹൃദിസ്ഥമായും ലിഖിത രൂപത്തിലും സംരക്ഷിക്കപ്പെട്ട അതിന്റെ ആദ്യകാല കയ്യെഴുത്ത് കോപ്പികൾ കണ്ടെടുത്തതും അതിനെക്കുറിച്ച് മുസ്‌ലിംകളല്ലാത്ത ഗവേഷകർ നടത്തിയ പ്രസ്താവനകളും വിശ്വാസികളെ മാത്രമല്ല ചരിത്ര കുതുകികളെയും അതിശയിപ്പിക്കുന്നതും ചിന്തിപ്പിക്കുന്നതുമാണ്.**



അവതീർണമായ കാലംമുതൽ ഇന്നുവരെ മാറ്റമില്ലാതെ നിലനിൽക്കുന്ന വിശുദ്ധ ഗ്രന്ഥമാണു ക്വുർആൻ എന്ന് വിശ്വസിക്കുന്നവരാണ് ലോക മുസ്‌ലിംകൾ. ക്വുർആൻ രണ്ടുരീതിയിൽ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ഒന്ന് ലിഖിത രൂപത്തിലായിരുന്നെങ്കിൽ മറ്റൊന്ന് ഹൃദിസ്ഥമായി സൂക്ഷിക്കുന്ന രീതിയിലായിരുന്നു. ഇന്നും ഈ രണ്ടു രീതികളും നിലനിന്നു പോരുന്നു.

ക്വുർആൻ ആദ്യമായി രണ്ടു ചട്ടക്കകത്ത് പൂർണമായി ലിഖിത രൂപത്തിൽ ക്രോഡീകരിച്ചത് ഒന്നാം ഖലീഫയായ അബൂബക്റി(റ)ന്റെ കാലത്താണ്. ശേഷം ഉസ്മാൻ(റ)വിന്റെ ഭരണകാലത്ത് പ്രമുഖ സ്വഹാബികളുടെ നേതൃത്വത്തിൽ ധാരാളം പകർപ്പുകൾ എഴുതപ്പെടുകയും പരിശോധിച്ചു ബോധ്യപ്പെട്ട് ആ പകർപ്പുകൾ വിവിധ രാജ്യങ്ങളിലേക്ക് അയക്കപ്പെടുകയും ചെയ്തു.

ക്വുർആൻ മാറ്റമില്ലാതെ സംരക്ഷിക്കപ്പെട്ടുവെന്ന മുസ്‌ലിംകളുടെ വിശ്വാസത്തെ ശരിവയ്ക്കുന്നതാണ് ചില യൂറോപ്യൻ ഗവേഷകരിൽ നിന്ന് അടുത്ത കാലത്ത് പുറത്തുവന്ന ചില പഠനങ്ങൾ. ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം ക്വുർആനിന്റെ വിശ്വാസ്യതയ്ക്ക് ഇത്തരം പഠനങ്ങളുടെ പിൻബലം ആവശ്യമില്ല. എന്നാൽ ക്വുർആൻ മാറ്റം വരാതെ ഇന്നും നിലനിൽക്കുന്നു എന്ന, മുസ്‌ലികളുടെ അഭിപ്രായത്തെ അംഗീകരിക്കാൻ വൈമനസ്യമുള്ളവർക്ക് ഒരുപക്ഷേ, ഈ പഠനങ്ങൾ ഉപകാരപ്രദമായേക്കാം. ഒപ്പം ഇത്തരം പഠനങ്ങൾ ക്വുർആനിനെ ശരിവയ്ക്കുന്നു എന്ന വസ്തുത ഓരോ മുസ്‌ലിമിനും മനസ്സിന് കുളിർമ നൽകുന്നതുമാണ്.



**ക്വുർആൻ മാറ്റമില്ലാതെ സംരക്ഷിക്കപ്പെട്ടുവെന്ന മുസ്‌ലിംകളുടെ വിശ്വാസത്തെ ശരിവയ്ക്കുന്നതാണ് ചില യൂറോപ്യൻ ഗവേഷകരിൽ നിന്ന് അടുത്ത കാലത്ത് പുറത്തുവന്ന ചില പഠനങ്ങൾ. ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം ക്വുർആനിന്റെ വിശ്വാസ്യതയ്ക്ക് ഇത്തരം പഠനങ്ങളുടെ പിൻബലം ആവശ്യമില്ല. എന്നാൽ ക്വുർആൻ മാറ്റം വരാതെ ഇന്നും നിലനിൽക്കുന്നു എന്ന, മുസ്‌ലിംകളുടെ അഭിപ്രായത്തെ അംഗീകരിക്കാൻ വൈമനസ്യമുള്ളവർക്ക് ഒരുപക്ഷേ, ഈ പഠനങ്ങൾ ഉപകാരപ്രദമായേക്കാം. ഒപ്പം ഇത്തരം പഠനങ്ങൾ ക്വുർആനിനെ ശരിവയ്ക്കുന്നു എന്ന വസ്തുത ഓരോ മുസ്‌ലിമിനും മനസ്സിന് കുളിർമ നൽകുന്നതുമാണ്.**

**ബെർമിംഗ് ഹാം യൂണിവേഴ്സിറ്റിയിലെ ക്വുർആൻ കൈയെഴുത്ത് പ്രതിയെ കുറിച്ച ഗവേഷണം:**

2015 ജൂലൈ 23ലെ 'ന്യൂയോർക്ക് ടൈംസ്' പത്രത്തിലെ ഒന്നാം പേജിലെ പ്രധാന തലക്കെട്ട് ഇങ്ങനെയായിരുന്നു:'Pieces of Quran; Perhaps as old as the faith' (ക്വുർആൻ ശകലങ്ങൾ-ഒരുപക്ഷേ, വിശ്വാസത്തോളം പഴക്കം ചെന്നത്). ക്വുർആനിന്റെ പഴക്കം ചെന്ന ചില കൈയെഴുത്തുപ്രതികളെ (Manuscripts) കുറിച്ച് നടത്തിയ പഠനങ്ങളെപ്പറ്റി പറയുന്നതാണു വാർത്ത. കണ്ടെത്തിയ ക്വുർആൻ പേജുകളുടെ വലിയ ചിത്രവും ഈ തലക്കെട്ടിനോടൊപ്പം പത്രം നൽകി. അതായത്, ഇതിനെ ഒരു വാർത്താപ്രാധാന്യം നൽകേണ്ട ഗവേഷണമായാണു പത്രങ്ങൾ കണ്ടത്. ഈ വാർത്ത മറ്റു മാധ്യമങ്ങളായ ബി.ബി.സിയിലും എൻ.ബി.സി ന്യൂസിലുമെല്ലാം പ്രസിദ്ധീകരിക്കപ്പെട്ടു. എന്നാൽ ഇന്ത്യൻ വാർത്താ മാധ്യമങ്ങളൊന്നും ഇതൊരു കാര്യമായ വാർത്തയായി കരുതിയതോ പ്രസിദ്ധീകരിച്ചതോ ഇല്ല.

ഇനി വാർത്തയുടെ ഉള്ളടക്കവും ഇത്തരമൊരു ഗവേഷണത്തിനു വഴിവെച്ച സാഹചര്യവും എന്താണെന്ന് വ്യക്തമാക്കാം. ആൽബ ഫെഡെലി (Alba Fedeli) എന്ന ചരിത്രഗവേഷക 2014ൽ ബെർമിംഗ് ഹാം യൂണിവേഴ്സിറ്റിയിൽ അവരുടെ ഡോക്ടറേറ്റ് തീസിസിനാവശ്യമായ റഫറൻസ് ഗ്രന്ഥങ്ങളും കൈയെഴുത്തുപ്രതികളും പരിശോധിക്കുന്ന തിരക്കിലായിരുന്നു. മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലെ മത-സാംസ്കാരിക ചരിത്രവും അവയുമായി ബന്ധപ്പെട്ട

**ഈ ക്വുർആൻ കൈയെഴുത്തുപ്രതികൾ അമുസ്‌ലിം ഗവേഷകരുടെ കൈയിൽ എത്തണമെന്നും അവരാൽ സംരക്ഷിക്കപ്പെടണമെന്നും അവർ മുഖേന ഗവേഷണ പഠനങ്ങൾ നടത്തപ്പെട്ട് ഈ സത്യങ്ങൾ ലോകത്ത് വിളംബരം ചെയ്യപ്പെടണമെന്നും അല്ലാഹു തീരുമാനിച്ചതുകൊണ്ടാണ് ഇങ്ങനെയെല്ലാം സംഭവിച്ചത്. മുസ്‌ലിംകളാണ് ക്വുർആൻ കൈയെഴുത്തുപ്രതികളെ കുറിച്ച് പഠനം നടത്തുകയും ലോകത്തോട് വിളിച്ചുപറയുകയും ചെയ്തതെങ്കിൽ ഒരു പക്ഷേ, അതിന് ഇത്രയേറെ വാർത്താ പ്രാധാന്യം ലഭിക്കുകയോ ആ പഠനങ്ങൾക്ക് പരിഗണന ലഭിക്കുകയോ ചെയ്യുമായിരുന്നില്ല**



Birmingham-CadburyLibrary

കൈയെഴുത്തുപ്രതികളും അവരുടെ പ്രത്യേകം താൽപര്യമുള്ള വിഷയങ്ങളായിരുന്നു. ഡോക്ടറേറ്റ് തിസീസിനായി അവർ തെരഞ്ഞെടുത്ത വിഷയം Early Quranic manuscripts and their texts (പുരാതന ക്വുർആൻ കൈയെഴുത്തുപ്രതികളും അവയിലെ എഴുത്തുകളും) എന്നതായിരുന്നു.

ഈ വിഷയവുമായി ബന്ധപ്പെട്ട് ബെർമിംഗ് ഹാം യൂണിവേഴ്‌സിറ്റിയിലെ കൈയെഴുത്തുപ്രതികൾ പരിശോധിക്കുന്നതിനിടെ വ്യത്യസ്തവും പുരാതനമെന്നു തോന്നിക്കുന്നതുമായ കൈയെഴുത്തുപ്രതികളുടെ ശകലങ്ങൾ അവരുടെ ശ്രദ്ധയിൽ പെട്ടു. സൂക്ഷ്മ പരിശോധനയിൽ അവ കടലാസ് ലിഖിതങ്ങളല്ല, മൃഗങ്ങളുടെ തോലിൽ (Parchments) മഷി ഉപയോഗിച്ച് എഴുതപ്പെട്ട ക്വുർആൻ വചനങ്ങളാണെന്ന് മനസ്സിലായി. എന്നാൽ ഇതിൽ ക്വുർആനിലെ ചില ഭാഗങ്ങൾ മാത്രമാണുണ്ടായിരുന്നത്. കൂടുതൽ മനസ്സിലാക്കേണ്ടതിനും അതിന്റെ പഴക്കം മനസ്സിലാക്കാനും വേണ്ടി ആ കോപ്പികൾ ഓക്‌സ്‌ഫോർഡിലുള്ള റേഡിയോ കാർബൻ കാലനിർണയ കേന്ദ്രത്തിലേക്കയച്ചു. (റേഡിയോ കാർബൺ ഡേറ്റിംഗ് എന്ന സംവിധാനം വസ്തുക്കളുടെ/ഫോസിലുകളുടെ/മൃതദേഹങ്ങളുടെ കാലപ്പഴക്കം മനസ്സിലാക്കാൻ ഉപയോഗിക്കുന്ന ഒരു സംവിധാനമാണ്). ഇവരുടെ പഠന ഫലം ആൽബ ഫെഡെലിയെയും സംഘത്തെയും അതിശയിപ്പിച്ചു. ആ കൈയെഴുത്തുപ്രതികളുടെ കാലപ്പഴക്കം 1370 വർഷത്തിനോടടുത്താണ് എന്നായിരുന്നു കണ്ടെത്തൽ. അതിലെ എഴുത്ത് ഹിജാസി അറബിയിലുള്ളതായിരുന്നു (പുരാതന അറബി ലിപി, മിക്കവാറും പുരാതന ക്വുർആൻ പ്രതികളെല്ലാം ഈ ലിപിയിലാണ് എഴുതപ്പെട്ടിട്ടുള്ളത്).

ബ്രിട്ടണിലുംപുറത്തുമുള്ളമുസ്‌ലിം പണ്ഡിതരുടെ സഹായത്തോടെ ഈ ലിഖിതം എ.ഡി 568നും 645നും ഇടയിൽ എഴുതപ്പെട്ടതാണെന്ന നിഗമനത്തിൽ സംഘം എത്തി. അഥവാ, മുഹമ്മദ് നബി (സ) ജീവിച്ചിരിക്കുന്ന കാലത്തോ മരണത്തിനുശേഷം കുറഞ്ഞ വർഷങ്ങൾക്കുള്ളിലോ ഹിജാസിൽ (മക്ക-മദീന പരിസരം) എഴുതപ്പെട്ടത്. ഇത് ഏതെങ്കിലും സ്വഹാബിമാരുടെ കൈയെഴുത്തുപ്രതിയായിരിക്കാം, എന്നാൽ ഇത് ആരാണ് എഴുതിയതെന്ന് വ്യക്തമല്ല താനും. പ്രവാചകന്റെ കാലത്ത് സ്വഹാബികളിൽ ചിലർ മൃഗങ്ങളുടെ തോലിലോ അല്ലെങ്കിൽ ഒട്ടകങ്ങളുടെ തോളെല്ലിലോ ഈത്തപ്പനത്തടിയിലോ കല്ലുകളിലോ ഒക്കെയായി ക്വുർആൻ വചനങ്ങൾ രേഖപ്പെടുത്തിവച്ചിരുന്നതായി ഹദീസുകളിൽനിന്ന് വ്യക്തമാണ്.

ഈ കൈയെഴുത്തുപ്രതിയിലെ ക്വുർആൻ വചനങ്ങൾ ആധുനിക ക്വുർആൻ കോപ്പികളുമായി ഒത്തുനോക്കിയപ്പോൾ അവയിലെ വചനങ്ങൾ പരസ്പരം ഒത്തുവരുന്നതായും ഗവേഷകസംഘം കണ്ടെത്തി. ഗവേഷണ സംഘത്തലവനായ പ്രൊഫസർ ഡേവിഡ് തോമസ് പറയുന്നു:

"ക്വുർആൻ പ്രവാചക കാലത്തുതന്നെ രേഖപ്പെടുത്തപ്പെട്ടിരുന്നു എന്നതിനുള്ള ഒരു തെളിവാണിത്. ഇത് വിശ്വാസികൾക്ക് സന്തോഷിക്കാനുള്ള ഒരു കാര്യവുമാണ്."

അദ്ദേഹംതുടരുന്നു:"ഒക്‌സ്‌ഫോർഡ് റേഡിയോ കാർബൺ പഠന പ്രകാരം 94 ശതമാനത്തോളം സാധ്യത അവ എഴുതപ്പെട്ടിരിക്കുന്നത് എ.ഡി.568നും 645നും ഇടയിലാണെന്നതാണ്."

വീണ്ടും പറയുന്നു: "പ്രവാചകന്റെ കാലത്ത് പ്രധാനമായും ആളുകൾ ക്വുർആൻ മനഃപാഠമാക്കിയായിരുന്നു സംരക്ഷിച്ചത്. എന്നാൽ ചിലർ അത് മൃഗങ്ങളുടെ തോലിലും ഈന്തപ്പനയോലകളിലും കല്ലുകളിലും ഒട്ടകത്തിന്റെ തോളെല്ലുകളും മറ്റും എഴുതി സൂക്ഷിച്ചിരുന്നു."

"ഇത് എഴുതിയ വ്യക്തി പ്രവാചകൻ മുഹമ്മദിനെ നേരിട്ട് കണ്ടയാളും അദ്ദേഹത്തിൽനിന്ന് നേരിട്ട്കേട്ട് പഠിച്ചതായിരിക്കാനും സാധ്യതയുണ്ട്. നമുക്ക് ഉറപ്പോടെ

പറയാൻ സാധിക്കും; പ്രവാചകൻ മുഹമ്മദ് മരണപ്പെട്ട് 20 വർഷത്തിനുള്ളിൽ എഴുതപ്പെട്ടതാണിത്."

"ഇതിലുള്ള വചനങ്ങൾ ഇന്ന് ലഭ്യമായ ക്വുർആൻ കോപ്പികളിലേതുമായി വളരെയധികം സാമ്യമുണ്ട്. ക്വുർആൻ അവതരിച്ചത് മുതൽ മാറ്റമില്ലാതെ നിലനിൽക്കുന്നു എന്നുള്ള അഭിപ്രായത്തെ പിന്തുണക്കുന്നതിനുള്ള തെളിവാണിത്."

**കുർആൻ കോപ്പി ബെർമിംഗ് ഹാം യൂണിവേഴ്സിറ്റിയിൽ എത്തിയതിന്റെ ചരിത്രം:**

ഈ ക്വുർആൻ കോപ്പിയെ കുറിച്ചുള്ള ഗവേഷണപഠനം പ്രസിദ്ധീകരിച്ചത് 2015ൽ ആയിരുന്നുവെന്ന് നാം സൂചിപ്പിച്ചല്ലോ. എന്നാൽ ഈ കോപ്പി എങ്ങനെയാണ് യൂണിവേഴ്സിറ്റിയുടെ കൈയെഴുത്തുപ്രതികളുടെ ശേഖരത്തിൽ എത്തിപ്പെട്ടത്? അതിന്റെ പിന്നിൽ ഒരു ചരിത്രമുണ്ട്. ഈ കൈയെഴുത്തുപ്രതി യൂണിവേഴ്സിറ്റിയിലെ കാഡ്ബറി റിസർച്ച് ലൈബ്രറിയിലെ കൈയെഴുത്തുപ്രതികളുടെ സെക്ഷനിൽനിന്ന് യാദൃച്ഛികമായാണു ഗവേഷകസംഘത്തിനു കിട്ടിയത്. (ഈ ലൈബ്രറിക്ക് 'കാഡ്ബറി' എന്ന പേരു വന്നതിനു പിന്നിൽ ഒരു ചരിത്രമുണ്ട്. ബിസിനസ്മാനും ധനാഢ്യനും പ്രശസ്ത ചോക്കലേറ്റ് കമ്പനിയായ കാഡ്ബറിയുടെ ഡയറക്ടറുമായിരുന്ന ഏഡ്വാർഡ് കാഡ്ബറി 1920കളിൽ സംഭാവന ചെയ്തതാണ് ഈ ലൈബ്രറിയും അതിലെ പുസ്തകങ്ങളും കൈയെഴുത്തുപ്രതികളും. കാഡ്ബറി എന്നത് അവരുടെ കുടുംബപ്പേരാണ്).

എഡ്വാർഡ് കാഡ്ബറി ഈ ലൈബ്രയിൽ ഗവേഷണ പഠനങ്ങൾക്ക് ആവശ്യമായ പുസ്തകങ്ങളും റഫറൻസ് ഗ്രന്ഥങ്ങളും പുരാതന കൈയെഴുത്തുപ്രതികളും ശേഖരിക്കുന്നതിന്റെ ഉത്തരവാദിത്തം മിഡിൽ ഈസ്റ്റിൽനിന്ന് ബ്രിട്ടണിൽ വന്ന് താമസമാക്കിയ ചരിത്ര ഗവേഷകൻ അൽഫോൺസ് മിംഗാനയെ (Alphonse Mingana) ഏൽപിച്ചു. അങ്ങനെ അദ്ദേഹം വർഷങ്ങളോളം സമയമെടുത്ത് ധാരാളം ഗ്രന്ഥങ്ങളും പുരാതന കൈയെഴുത്തുപ്രതികളും അറബ് രാജ്യങ്ങളിൽനിന്ന് ശേഖരിച്ചു. അവ വാങ്ങാനാവശ്യമായ പണം സ്പോൺസർ ചെയ്തത് ഏഡ്വാർഡ് കാഡ്ബറിയായിരുന്നു. അന്ന് മിംഗാന 3000ത്തോളം അമൂല്യവും അപൂർവങ്ങളുമായ വിവിധ കൈയെഴുത്തുപ്രതികൾ ബെർമിംഗ് ഹാം പുസ്തകശേഖരത്തിൽ എത്തിച്ചു. ഈ ശേഖരത്തിൽ മേൽപറഞ്ഞ ക്വുർആൻ കോപ്പിയും ഉണ്ടായിരുന്നു. ഇക്കൂട്ടത്തിൽ അറേബ്യൻ, ഹീബ്രു, അർമേനിയൻ, ജോർജിയൻ, സിറിയാക് തുടങ്ങിയ 20 ഓളം ഭാഷകളിലുള്ള കൈയെഴുത്തുപ്രതികളുണ്ട്. ഈ കൈയെഴുത്തുപ്രതികൾ ഇന്ന് 'മിംഗാന ശേഖരം' (Mingana Collection) എന്ന പേരിൽ അറിയപ്പെടുന്നു.

**ക്വുർആനിന്റെ കൈയെഴുത്തുപ്രതികൾ സൂക്ഷിക്കപ്പെട്ട മറ്റു സ്ഥലങ്ങൾ:**

ലോകത്തിന്റെ പല ഭാഗങ്ങളിലെയും മ്യൂസിയങ്ങളിലോ ഗ്രന്ഥാലയങ്ങളിലോ മറ്റോ ആയി 7,8,9 നൂറ്റാണ്ടുകളിലായി രചിക്കപ്പെട്ട ക്വുർആൻ കൈയെഴുത്തുകോപ്പികൾ ലഭ്യമാണ്. ഇവയെല്ലാം അത്തരം സ്ഥാപനങ്ങൾക്ക് ആരെങ്കിലും സ്പോൺസർ ചെയ്തതോ പണം കൊടുത്ത് വാങ്ങിയതോ ആണ്. അത്തരത്തിൽ പുരാതനമായ ക്വുർആൻ കോപ്പികൾ സൂക്ഷിക്കപ്പെട്ട ചില സ്ഥലങ്ങൾ പരിചയപ്പെടാം:

1. നാഷണൽ ലൈബ്രറി, പാരിസ് (ഫ്രാൻസ്): ഈ ലൈബ്രറിക്ക് 500 വർഷം പഴക്കമുണ്ട്. ഇവിടെ 1 മില്യൺ പുസ്തകങ്ങളും അറബിയും ഹീബ്രുവും സംസ്കൃതവുമടക്കമുള്ള പുരാതനങ്ങളായ പല ഭാഷകളിലുള്ള കൈയെഴുത്തുപ്രതികളുമുണ്ട്. ഇക്കൂട്ടത്തിൽ 16 പേജുകളുള്ള ഒരു ക്വുർആൻ കൈയെഴുത്തുപ്രതിയുണ്ട്.

പുരാതന ക്വുർആൻ കൈയെഴുത്തുപ്രതികൾ ഫ്രാൻസിൽ എത്തിപ്പെട്ടതിന്റെ കാരണമായി രണ്ടു കാര്യങ്ങൾ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്:

ഒന്ന്: 18ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഫ്രഞ്ച് ഓറിയന്റലിസ്റ്റും അറബിഭാഷാ പണ്ഡിതനുമായിരുന്ന ജീൻ ബാപ്റ്റിസ്റ്റ് അസ്സലിൻ പുരാതന അറബിക് കൈയെഴുത്തുപ്രതികൾ ശേഖരിക്കുന്നതിൽ പ്രത്യേക താൽപര്യമുള്ള വ്യക്തിയായിരുന്നു. അദ്ദേഹം മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ സഞ്ചരിക്കുകയും ലഭ്യമായ പുരാതന ഇസ്‌ലാമിക കൈയെഴുത്തു പ്രതികൾ ശേഖരിക്കുകയും ചെയ്തു. ഇക്കൂട്ടത്തിൽ ചില ക്വുർആൻ കൈയെഴുത്തുപ്രതികളുമുണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ കാലശേഷം അവ ഫ്രഞ്ച് നാഷനൽ ലൈബ്രറിയിൽഎത്തിപ്പെട്ടതാകാം.


രണ്ട് : ഫ്രഞ്ച് ചരിത്രത്തിലെ യുദ്ധവീരനായ നെപ്പോളിയൻ ബോണൊപ്പർട് 1798ൽ ഈജിപ്തിനെ ആക്രമിച്ചപ്പോൾ അവിടെയുള്ള ലൈബ്രറികളിലെ അമൂ

> **പ്രവാചകന്റെ കാലത്ത് സ്വഹാബികളിൽ ചിലർ മൃഗങ്ങളുടെ തോലിലോ അല്ലെങ്കിൽ ഒട്ടകങ്ങളുടെ തോളെല്ലിലോ ഈത്തപ്പനത്തടിയിലോ കല്ലുകളിലോ ഒക്കെയായി ക്വുർആൻ വചനങ്ങൾ രേഖപ്പെടുത്തിവച്ചിരുന്നതായി ഹദീസുകളിൽനിന്ന് വ്യക്തമാണ്. ഈ കൈയെഴുത്തു പ്രതിയിലെ ക്വുർആൻ വചനങ്ങൾ ആധുനിക ക്വുർആൻ കോപ്പികളുമായി ഒത്തുനോക്കിയപ്പോൾ അവയിലെ വചനങ്ങൾ പരസ്പരം ഒത്തുവരുന്നതായും ഗവേഷകസംഘം കണ്ടെത്തി.**

ല്യങ്ങളായ ഗ്രന്ഥങ്ങളും കൈയെഴുത്തുപ്രതികളും കൊള്ളയടിച്ചിരുന്നതായി ചരിത്രം പറയുന്നു. അദ്ദേഹം അവിടെനിന്നും ഫ്രാൻസിലേക്ക് കൊണ്ടുവന്ന കൈയെഴുത്തുപ്രതികളിൽ ക്വുർആൻ കൈയെഴുത്തുപ്രതികളും ഉണ്ടായിരുന്നു.

ഈ രണ്ട് സാധ്യതകളിൽ ഏതെങ്കിലും ഒന്നോ രണ്ടുംകൂടിയോ സംഭവിച്ചിരിക്കാം.

2. 46 പേജുകളുള്ള ഒരു ക്വുർആൻ കൈയെഴുത്തുപ്രതി റഷ്യയിലെ നാഷണൽ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്.
3. ജർമനിയിലുള്ള യൂണിവേഴ്സിറ്റി ഓഫ് തുബിഞ്ചനിൽ ചില ക്വുർആൻ കൈയെഴുത്തുപ്രതികൾ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. കാർബൺ ഡേറ്റിങ്ങിൽ ഇവ എ.ഡി 649നും 675നും ഇടയിൽ എഴുതപ്പെട്ടതാണെന്ന് കണ്ടെത്തി. ഇതും എഴുതപ്പെട്ടിരിക്കുന്നത് ഹിജാസി അറബി ലിപിയിലാണ്. ക്വുർആനിന്റെ 17ാം അധ്യായം മുതൽ 36ാം അധ്യായം വരെയുള്ള ഭാഗങ്ങളാണ് ഇതിലുള്ളത്.
4. യമനിലെ സൻആ പ്രദേശത്തുനിന്ന് 1971ൽ കണ്ടെത്തിയ ക്വുർആൻ കൈയെഴുത്തുപ്രതി. ഇത്എ.ഡി 671നു മുമ്പ് എഴുതപ്പെട്ടതാണെന്ന് കണ്ടെത്തി. ഈ കോപ്പികൾ ഇന്ന് സൂക്ഷിച്ചിരിക്കുന്നത് സൻആയിലെ വലിയ പള്ളിയിൽ The Grand Mosque of San'aa) ആണ്.
5. എ.ഡി 800നു മുമ്പ് എഴുതപ്പെട്ട ഒരു കൈയെഴുത്തുപ്രതി കാംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ സൂക്ഷിച്ചിട്ടുണ്ട്.
6. അയർലൻഡിന്റെ തലസ്ഥാനമായ ഡബ്ലിനിലെ ചെസ്റ്റർ ബീറ്റി (Chester beaty) ലൈബ്രറിയിൽ, 100ലധികം പുരാതന ക്വുർആൻ കൈയെഴുത്തുപ്രതികൾ ഉൾപ്പെടെ 1600ലധികം ഇസ്‌ലാമിക കൈയെഴുത്തുപ്രതികളുടെ ശേഖരം ഉണ്ട്. ഈ ശേഖരങ്ങൾ ക്വുർആൻ ക്രോഡീകരന ചരിത്ര ഗവേഷകർക്ക് അമൂല്യമായ വിഭവങ്ങളാണ്. കൂടാതെ, ക്വുർആനിന്റെ ആദ്യകാല ചരിത്രത്തിലേക്കും ഇസ്‌ലാമിക കാലിഗ്രാഫിയുടെ വികാസത്തിലേക്കും വെളിച്ചം വീശാൻ അവ സഹായിച്ചിട്ടുണ്ട്.




**അല്ലാഹുവിന്റെ നടപടി ക്രമങ്ങൾ**

ഈ ക്വുർആൻ കൈയെഴുത്തുപ്രതികൾ അമുസ്‌ലിം ഗവേഷകരുടെ കൈയിൽ എത്തണമെന്നും അവരാൽ സംരക്ഷിക്കപ്പെടണമെന്നും അവർ മുഖേന ഗവേഷണ പഠനങ്ങൾ നടത്തപ്പെട്ട് ഈ സത്യങ്ങൾ ലോകത്ത് വിളംബരം ചെയ്യപ്പെടണമെന്നും അല്ലാഹു തീരുമാനിച്ചതുകൊണ്ടാണ് ഇങ്ങനെയെല്ലാം സംഭവിച്ചത്. മുസ്‌ലിംകളാണ് ക്വുർആൻ കൈയെഴുത്തുപ്രതികളെ കുറിച്ച് പഠനം നടത്തുകയും ലോകത്തോട് വിളിച്ചുപറയുകയും ചെയ്തതെങ്കിൽ ഒരു പക്ഷേ, അതിന് ഇത്രയേറെ വാർത്താ പ്രാധാന്യം ലഭിക്കുകയോ ആ പഠനങ്ങൾക്ക് പരിഗണന ലഭിക്കുകയോ ചെയ്യുമായിരുന്നില്ല.

അല്ലാഹു പറഞ്ഞതെത്ര സത്യം! "തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്" (ക്വുർആൻ 15:9).

അമാനി മൗലവി(റഹ്) ഈ ആയത്തിന്റെ വിശദീകരണത്തിൽ എഴുതുന്നു: "....ക്വുർആനെ സംബന്ധിച്ചിടത്തോളം, അതിനെ കാത്തുസൂക്ഷിക്കുമെന്നുള്ള അല്ലാഹുവിന്റെ വാഗ്ദാനം അവൻ തികച്ചും പാലിച്ചിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല. ആർ അവിശ്വസിച്ചാലും ശരി, ആർ ദുർവ്യാഖ്യാനം നടത്തിയാലും ശരി, ആർ ശത്രുത പുലർത്തിവന്നാലും ശരി, മുസ്‌ലിം സമുദായമധ്യെ എന്തെല്ലാം ഭിന്നിപ്പുണ്ടായിരുന്നാലും ശരി, വള്ളിപുള്ളിക്ക് വ്യത്യാസം കൂടാതെ അന്നുതൊട്ട് ഇന്നോളം അതിന്റെ സാക്ഷാൽ രൂപത്തിൽ അത് നിലവിലുണ്ട്. മേലിലും അതങ്ങനെത്തന്നെ അവശേഷിക്കുകയും ചെയ്യും. എന്നിരിക്കെ മറ്റു മതഗ്രന്ഥങ്ങളിൽ നേരിട്ടതുപോലെ, മാറ്റത്തിരുത്തങ്ങളോ കൂട്ടിക്കുറക്കലുകളോ അതിൽ സംഭവിക്കുവാൻ നിവൃത്തിയില്ലല്ലോ. വേദഗ്രന്ഥങ്ങളടക്കം മറ്റൊരു ഗ്രന്ഥത്തിനും ലഭിക്കാത്ത ഒരു പ്രത്യേക വാഗ്ദാനമത്രെ ഇത്..." (വിശുദ്ധ ക്വുർആൻ വിവരണം).

*അവലംബങ്ങൾ:*


1. https://www.artnews.com/art-news/news/pieces-of-a-quran-possibly-as-old-as-islam-itself-discovered-at-the-university-of-birmingham-4603/amp/
2. https://www.birmingham.ac.uk/facilities/cadbury/birmingham-quran-mingana-collection/birmingham-quran/what-is.aspx
3. https://www.nbcnews.com/news/amp/ncna396806
4. https://www.bbc.com/news/business-33436021.amp
5. https://www.nytimes.com/2015/07/23/world/europe/quran-fragments-university-birmingham.html



# വിശപ്പിന്റെ വിലയറിയുന്നവരും അറിയാത്തവരും

സലാം സുറുമ എടത്തനാട്ടുകര
: 94473 64751

"പോ അവിടുന്ന്... ഇതിൽനിന്നും ഒരു വറ്റു പോലും തരില്ല..."

തെക്കൻ കേരളത്തിൽനിന്നും വീട്ടിലേക്കുള്ള യാത്രാമധ്യേ ഷൊർണൂർ റെയിൽവേ സ്റ്റേഷനിൽ എത്തി. സമയം ഉച്ചക്ക് രണ്ടര മണി. മുഷിഞ്ഞതും കീറിപ്പറിഞ്ഞതുമായ വസ്ത്രം ധരിച്ച ഒരു വൃദ്ധൻ തന്റെ മുമ്പിലുള്ള പൊതികളിൽനിന്നും ഭക്ഷണ സാധനങ്ങൾ കടലാസിലേക്ക് കുടഞ്ഞിടുകയാണ്. അതിന്റെ പങ്കു പറ്റാനായി വന്ന തെരുവു നായ്ക്കളോടാണ് അയാൾ ആക്രോശിക്കുന്നത്. തങ്ങളുടെ ഭക്ഷണം കൈക്കലാക്കിയ ഇദ്ദേഹത്തോട് തെരുവുനായ്ക്കൾ മുരണ്ടു പ്രതികരിക്കുന്നു. അയാൾ ഇടയ്ക്ക് വടിയെടുത്ത് അവയെ ഓടിക്കുന്നുമുണ്ട്. സ്റ്റേഷനിൽ നിർത്തിയിട്ടിരുന്ന ട്രെയ്നിൽനിന്നും യാത്രക്കാർ വലിച്ചെറിയുന്ന ഭക്ഷണാവശിഷ്ടങ്ങളടങ്ങിയ പൊതികൾ പെറുക്കി ചാക്കിലാക്കുന്ന ഈ വൃദ്ധനെ, തൊട്ടുമുമ്പത്തെ ട്രെയ്നിൽനിന്നും ഇറങ്ങുന്നേരം ഞാൻ ശ്രദ്ധിച്ചിരുന്നു.

എച്ചിൽ അടങ്ങിയ ചെറിയ ചാക്കുമായി അയാൾ പ്ലാറ്റ് ഫോമിന്റെ ഒരറ്റത്തേക്ക് നടന്നു. ഒഴിഞ്ഞ സ്ഥലത്തിരുന്ന് ഭക്ഷണപ്പൊതികൾ ഓരോന്നായി പുറത്തെടുത്ത് നിവർത്തിവച്ചു. ഓരോന്നിലെയും ബാക്കിവന്ന വൈറ്റ് റൈസ്, ബിരിയാണി, നെയ്ച്ചോർ, ചപ്പാത്തി തുടങ്ങിയവ വ്യത്യസ്ത കടലാസുകളിലായി തരംതിരിച്ചു. യാത്രക്കാർ ഒഴിവാക്കിയ, മാംസമുള്ള എല്ലിൻകഷ്ണങ്ങളും മീൻമുള്ളുകളുമൊക്കെ ശ്രദ്ധയോടെ മറ്റൊരു പേപ്പറിലേക്ക് മാറ്റി. പിന്നെ സാവധാനം കഴിക്കാൻ ആരംഭിച്ചു. ഉടഞ്ഞ കോഴിക്കാലിലും മീൻമുള്ളുകളിലുമൊക്കെ ബാക്കിവന്ന മാംസം അയാൾ ആസ്വദിച്ച് ചവച്ചിറക്കി. ബാക്കിവന്നവ പൊതിഞ്ഞെടുത്ത് മുഷിഞ്ഞ ഭാണ്ഡക്കെട്ടിലേക്ക് തിരുകി. രാത്രി കഴിക്കാനോ അല്ലെങ്കിൽ കൂട്ടാളികൾക്ക് നൽകാനോ ആവാം എന്ന് ഞാൻ ഊഹിച്ചു.

കുപ്പത്തൊട്ടിയിൽ നിന്നും ഒരു നേരത്തെ ഭക്ഷണം കണ്ടെത്തുന്നവർ നമ്മുടെ നാട്ടിൽ പോലും ഉണ്ട് എന്നത് നേരിൽ കണ്ടപ്പോൾ വേദന തോന്നി. ട്രെയ്ൻ യാത്രക്കിടയിലും മറ്റും രുചി പറ്റാത്തതിനാലോ വയറുനിറഞ്ഞു എന്ന് തോന്നിയതിനാലോ ഒക്കെ നമ്മൾ പുറത്തേക്ക് വലിച്ചെറിയുന്ന ഭക്ഷ്യവസ്തുക്കൾക്കായി ആർത്തിയോടെ കാത്തിരിക്കുന്നവർ ഏറെയുണ്ട്.

കല്യാണത്തിനും സൽക്കാരത്തിനുമൊക്കെ നാം എത്ര ഭക്ഷണ സാധനങ്ങളാണ് പാഴാക്കുന്നത്! കൂടെയിരിക്കുന്ന ചെറിയ കുട്ടികൾക്കും വലിയവർക്ക് എടുക്കുന്നത്ര ഭക്ഷണം വിളമ്പിക്കൊടുത്ത്, വിഭവങ്ങൾ പാഴാക്കാൻ കൂട്ടുനിൽക്കുന്ന മാതാപിതാക്കൾ വലിയ പാതകമാണ് ചെയ്യുന്നത്. ആവശ്യത്തിന് മാത്രം വിളമ്പാനും പകർന്നത് മുഴുവനും കഴിക്കാനും നാം ശീലിക്കണം. അത് നമ്മുടെ മക്കളെ പരിശീലിപ്പിക്കണം.

ഭക്ഷണം പാഴാക്കൽ നിരവധി പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്. വിശക്കുന്നവന് അത് ലഭ്യമാകുന്നില്ല എന്ന് മാത്രമല്ല, അത് ധാർമികവും സാമ്പത്തികവുമായ പ്രതിസന്ധികളും സൃഷ്ടിക്കുന്നു. വായു, മണ്ണ്, വെള്ളം എന്നിവയെ നേരിട്ട് ബാധിക്കുന്ന പരിസ്ഥിതി പ്രശ്നവും അത് ഉണ്ടാക്കുന്നുണ്ട്.

പാർട്ടികളിലും ഹോട്ടലുകളിലുമൊക്കെ ഭക്ഷണം പാഴാക്കുന്നവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കണം. ഭക്ഷണം പാഴാക്കൽ വരുത്തുന്ന ആഘാതങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കണം. ഭക്ഷണം പാഴാക്കുന്നത് പല രാജ്യങ്ങളിലും ശിക്ഷാർഹമാണ് എന്ന കാര്യവും നാം ഇതോടൊപ്പം കൂട്ടിവായിക്കുക.

"...നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല" (ഖുർആൻ 7:31).

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം
39

# സൂറ: അസ്സുമർ
## (കൂട്ടങ്ങൾ)
(മക്കയിൽ അവതരിച്ചത്)

وَأَنِيبُوٓاْ إِلَىٰ رَبِّكُمْ وَأَسْلِمُواْ لَهُۥ مِن قَبْلِ أَن
يَأْتِيَكُمُ ٱلْعَذَابُ ثُمَّ لَا تُنصَرُونَ ﴿٥٤﴾

وَٱتَّبِعُوٓاْ أَحْسَنَ مَآ أُنزِلَ إِلَيْكُم مِّن
رَّبِّكُم مِّن قَبْلِ أَن يَأْتِيَكُمُ
ٱلْعَذَابُ بَغْتَةً وَأَنتُمْ لَا تَشْعُرُونَ ﴿٥٥﴾

أَن تَقُولَ نَفْسٌ يَٰحَسْرَتَىٰ عَلَىٰ مَا فَرَّطتُ فِى
جَنۢبِ ٱللَّهِ وَإِن كُنتُ لَمِنَ ٱلسَّٰخِرِينَ ﴿٥٦﴾

أَوْ تَقُولَ لَوْ أَنَّ ٱللَّهَ هَدَىٰنِى لَكُنتُ مِنَ
ٱلْمُتَّقِينَ ﴿٥٧﴾

أَوْ تَقُولَ حِينَ تَرَى ٱلْعَذَابَ لَوْ أَنَّ لِى
كَرَّةً فَأَكُونَ مِنَ ٱلْمُحْسِنِينَ ﴿٥٨﴾

بَلَىٰ قَدْ جَآءَتْكَ ءَايَٰتِى فَكَذَّبْتَ بِهَا
وَٱسْتَكْبَرْتَ وَكُنتَ مِنَ ٱلْكَٰفِرِينَ ﴿٥٩﴾

54. നിങ്ങൾക്ക് ശിക്ഷ വന്നെത്തുന്നതിനു മുമ്പായി നിങ്ങൾ നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് താഴ്മയോടെ മടങ്ങുകയും അവനു കീഴ്പ്പെടുകയും ചെയ്യുവിൻ. പിന്നെ (അതു വന്നതിനു ശേഷം) നിങ്ങൾ സഹായിക്കപ്പെടുന്നതല്ല.
55. നിങ്ങൾ ഓർക്കാതിരിക്കെ പെട്ടെന്ന് നിങ്ങൾക്ക് ശിക്ഷ വന്നെത്തുന്നതിന് മുമ്പായി നിങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിൽനിന്ന് ഏറ്റവും ഉത്തമമായത് നിങ്ങൾ പിൻപറ്റുകയും ചെയ്യുക.
56. എന്റെ കഷ്ടമേ, അല്ലാഹുവിന്റെ ഭാഗത്തേക്ക് ഞാൻ ചെയ്യേണ്ടതിൽ ഞാൻ വീഴ്ചവരുത്തിയല്ലോ. തീർച്ചയായും ഞാൻ കളിയാക്കുന്നവരുടെ കൂട്ടത്തിൽ തന്നെ ആയിപ്പോയല്ലോ എന്ന് വല്ല വ്യക്തിയും പറഞ്ഞേക്കും എന്നതിനാലാണിത്.
57. അല്ലെങ്കിൽ 'അല്ലാഹു എന്നെ നേർവഴിയിലാക്കിയിരുന്നെങ്കിൽ ഞാൻ സൂക്ഷ്മത പാലിക്കുന്നവരുടെ കൂട്ടത്തിൽ ആകുമായിരുന്നു' എന്ന് പറഞ്ഞേക്കുമെന്നതിനാൽ.
58. അല്ലെങ്കിൽ ശിക്ഷ നേരിൽ കാണുന്ന സന്ദർഭത്തിൽ 'എനിക്കൊന്ന് മടങ്ങിപ്പോകാൻ കഴിഞ്ഞിരുന്നെങ്കിൽ ഞാൻ സദ്വൃത്തരുടെ കൂട്ടത്തിൽ ആകുമായിരുന്നു' എന്ന് പറഞ്ഞേക്കുമെന്നതിനാൽ.
59. അതെ, തീർച്ചയായും എന്റെ ദൃഷ്ടാന്തങ്ങൾ നിനക്ക് വന്നെത്തുകയുണ്ടായി. അപ്പോൾ നീ അവയെ നിഷേധിച്ചു തള്ളുകയും അഹങ്കരിക്കുകയും സത്യനിഷേധികളുടെ കൂട്ടത്തിലാകുകയും ചെയ്തു.



54) അതാണ് അല്ലാഹു അവനിലേക്ക് ഖേദിച്ചു മടങ്ങാൻ പറയാൻ കാരണം. വേഗത്തിൽതന്നെ അവനിലേക്ക് എത്താനും. (നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് താഴ്മയോടെ മടങ്ങുക) ഹൃദയം കൊണ്ടുതന്നെ. (അവന് കീഴ്പ്പെടുകയും ചെയ്യുവിൻ) നിങ്ങളുടെ ശരീരം കൊണ്ട്. അല്ലാഹുവിലേക്ക് തിരിയുക എന്ന് മാത്രം പറയുമ്പോൾ, അതിൽ ശരീരം കൊണ്ടുള്ള പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുന്നു. ഇവിടെയുള്ളതുപോലെ സമർപ്പണത്തോട് ചേർത്ത് പരാമർശിക്കുമ്പോൾ അർഥം നേരത്തെ സൂചിപ്പിച്ചതുപോലെയാണ്. നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് താഴ്മയോടെ മടങ്ങുകയും അവന് കീഴ്പ്പെടുകയും ചെയ്യുവിൻ എന്ന വാക്യം നിഷ്ക്കളങ്കമായിരിക്കണമെന്ന് ഇതിൽനിന്ന് മനസ്സിലാകും. നിഷ്ക്കളങ്കമല്ലാത്ത ഒരു പ്രവർത്തനവും അവന്റെയടുക്കൽ സ്വീകാര്യമല്ല.(നിങ്ങൾക്ക് ശിക്ഷ വന്നെത്തുന്നതിന് മുമ്പായി) വന്നാൽ തടുക്കാനാവില്ല. (നിങ്ങൾ സഹായിക്കപ്പെടുന്നതല്ല) എന്താണ് കീഴ്പ്പെടൽ, എന്താണ് മടക്കം, എന്താണ് അവയുടെ വശങ്ങൾ, പ്രവർത്തനങ്ങൾ എന്ന് ചോദിക്കുന്നിന് മറുപടി പറയുന്നതുപോലെ!

55) അല്ലാഹു മറുപടി പറയുന്നു: (നിങ്ങളുടെ രക്ഷിതാവിൽനിന്ന് നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിൽനിന്ന് ഏറ്റവും ഉത്തമമായത് നിങ്ങൾ പിൻപറ്റുകയും ചെയ്യുക. അല്ലാഹു കൽപിച്ച, മനസ്സുകൊണ്ട് ചെയ്യേണ്ട, അല്ലാഹുവോടുള്ളസ്നേഹം, ഭക്തി, ഭയം, പ്രതീക്ഷ; മറ്റുള്ളവരോടുള്ള ഗുണകാംക്ഷ, അവർക്ക് നന്മ ചെയ്യുവാനുള്ള ആഗ്രഹം എന്നിവയും, ബാഹ്യമായി ചെയ്യുന്ന നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ്, സ്വദഖ, നന്മയുടെ മറ്റിനങ്ങൾ എന്നിവയുമെല്ലാം നമ്മുടെ രക്ഷിതാവിൽനിന്ന് വന്ന ഏറ്റവും ഉത്തമമായതിൽ പെട്ടതാണ്. ഈ കാര്യങ്ങളെ പിൻപറ്റുന്നവനാരോ അവനാണ് അല്ലാഹുവിലേക്ക് മടങ്ങുന്നവൻ.

(നിങ്ങൾ ഓർക്കാതിരിക്കെ പെട്ടെന്ന് നിങ്ങൾക്ക് ശിക്ഷ വന്നെത്തുന്നതിന് മുമ്പായി) നന്മകൾ വേഗത്തിലാക്കാനുള്ള പ്രേരണ ഇതിലുണ്ട്; അവസരങ്ങൾ പ്രയോജനപ്പെടുത്താനും.

56) തുടർന്ന് അവരെ താക്കീത് ചെയ്യുകയും ഉപദേശിക്കുകയും ചെയ്യുന്നു. ഖേദിക്കേണ്ടിവരുന്ന ദിനം വരുന്നതുവരെ നിങ്ങൾ അശ്രദ്ധയിൽ തുടരരുത്. അന്നേരം ഖേദം പ്രയോജനം ചെയ്യില്ല. (എന്റെ കഷ്ടമേ, അല്ലാഹുവിന്റെ ഭാഗത്തേക്ക് ഞാൻ ചെയ്യേണ്ടതിൽ ഞാ ൻ വീഴ്ച വരുത്തിയല്ലോ) അവനോടുള്ള കടമയിൽ. (ഞാനായിരുന്നു) ഇഹലോകത്ത്. (കളിയാക്കുന്നവരുടെ കൂട്ടത്തിൽ) പ്രതിഫലം നൽകുന്നതിനെക്കുറിച്ച് കണ്ണിൽ കാണുന്നതുവരെ.

57) (അല്ലെങ്കിൽ അല്ലാഹു എന്നെ നേർവഴിയിൽ ആക്കിയിരുന്നുവെങ്കിൽ ഞാൻ സൂക്ഷ്മത പാലിക്കുന്നവരുടെ കൂട്ടത്തിൽ ആകുമായിരുന്നു) (എങ്കിൽ) എന്നത് ഇവിടെ വ്യാമോഹത്തെ കുറിക്കുന്നു. അതായത് അല്ലാഹു എന്നെ സന്മാർഗത്തിൽ ആക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ, എങ്കിൽ ഞാൻ സൂക്ഷ്മത പാലിക്കുന്നവനാകുമായിരുന്നു. അങ്ങനെ ഞാൻ ശിക്ഷയിൽനിന്ന് രക്ഷപ്പെടുകയും പ്രതിഫലം ലഭിക്കുകയും ചെയ്യുമായിരുന്നു. ഇവിടെ (എങ്കിൽ) എന്നത് നിബന്ധനയെ കുറിക്കുന്നതല്ല. കാരണം, ആ അർഥത്തിലാവുമ്പോൾ അല്ലാഹു സന്മാർഗത്തിലാക്കാത്തതുകൊണ്ടാണ് ഞാൻ നന്നാവാതിരുന്നത് എന്ന വിധിവിശ്വാസത്തെ വഴികേടിന് തെളിവുപിടിക്കലാകും. അത് ശരിയല്ല. എല്ലാ തെറ്റായ ന്യായവും അന്ത്യനാളിൽ പൊളിഞ്ഞുപോകും.

58) (അല്ലെങ്കിൽ ശിക്ഷ കാണുമ്പോൾ പറഞ്ഞേക്കുമെന്നതിനാൽ) നരകമാണെന്നുറപ്പാകുമ്പോൾ. (എനിക്കൊന്ന് മടങ്ങിപ്പോകാൻ കഴിഞ്ഞിരുന്നെങ്കിൽ) ഇഹലോകത്തേക്കൊരു മടക്കം. (ഞാൻ സദ്വൃത്തരുടെ കൂട്ടത്തിൽ ആകുമായിരുന്നു) അല്ലാഹു പറയും: അത് നടക്കാത്തതും പ്രയോജനമില്ലാത്തതുമാണ്. ഇതെല്ലാം നിരർഥകമായ മോഹങ്ങൾ മാത്രം. അതിൽ കാര്യമില്ല. മടക്കപ്പെട്ടാലും അവന് മാറ്റമുണ്ടാകില്ല.

59). (അതെ, തീർച്ചയായും എന്റെ ദൃഷ്ടാന്തങ്ങൾ നിനക്ക് വന്നെത്തുകയുണ്ടായി) സത്യം മനസ്സിലാക്കിത്തരുന്ന. അതിൽ സംശയിക്കേണ്ടതില്ലെന്ന് ബോധ്യപ്പെടുത്തുന്നു. (അപ്പോൾ നീ അവയെ നിഷേധിച്ചു തള്ളുകയും അഹങ്കരിക്കുകയും ചെയ്തു) അതിനെ പിൻപറ്റാതെ. (നീ സത്യനിഷേധികളുടെ കൂട്ടത്തിലാവുകയും ചെയ്തു) അതിനാൽ ഇഹലോകത്തേക്ക് മടക്കാനുള്ള ആവശ്യം ഒരു വെറും പ്രവൃത്തിയാണ്.

وَلَوْ رُدُّوا۟ لَعَادُوا۟ لِمَا نُهُوا۟ عَنْهُ وَإِنَّهُمْ لَكَٰذِبُونَ ﴿٢٨﴾

“തിരിച്ചയക്കപ്പെട്ടാൽ തന്നെയും അവർ എന്തിൽ നിന്നൊക്കെ വിലക്കപ്പെട്ടുവോ അതിലേക്കുതന്നെ അവർ മടങ്ങിപ്പോകുന്നതാണ്”(6:8)



# മനുഷ്യ മസ്തിഷ്കം

ഡോ. ഷാനവാസ്, ഫ്ലോറിഡ
drshanavascmc@gmail.com

മനുഷ്യശരീരത്തിലെ ഏറ്റവും പ്രധാനവും സങ്കീർണവുമായ അവയവമാണ് മസ്തിഷ്കം. മനുഷ്യനെ മറ്റു ജീവജാലങ്ങളിൽനിന്നും വ്യത്യസ്തമാക്കുന്നതിൽ ഈ അവയവം വഹിക്കുന്ന പങ്ക് ചെറുതൊന്നുമല്ല.

"അവൻ (അല്ലാഹു) ആദമിന് നാമങ്ങളെല്ലാം പഠിപ്പിച്ചു. പിന്നീട് ആ പേരിട്ടവയെ അവൻ മലക്കുകൾക്ക് കാണിച്ചു. എന്നിട്ടവൻ ആജ്ഞാപിച്ചു: നിങ്ങൾ സത്യവാൻമാരാണെങ്കിൽ ഇവയുടെ നാമങ്ങൾ എനിക്ക് പറഞ്ഞുതരൂ" (ക്വുർആൻ 2:31).

"നീ വായിക്കുക; നിന്റെ രക്ഷിതാവ് ഏറ്റവും വലിയ ഔദാര്യവാനാകുന്നു. പേന കൊണ്ട് പഠിപ്പിച്ചവൻ" (96:3-4).

വളരെ സങ്കീർണവും എന്തിനെയും ബുദ്ധിശക്തികൊണ്ട് തോൽപിക്കാൻ കഴിവുമുള്ള ഒരു മസ്തിഷ്കത്തിന് ഉടമയാണെങ്കിലും, തന്നെക്കാൾ നിസ്സാരമായ മറ്റു ജീവികളെക്കാൾ വളരെ ദുർബലനായാണ് മനുഷ്യൻ പിറന്നുവീഴുന്നത്. അതിന് ഏറ്റവും നല്ല ഉദാഹരണം അവന്റെ മസ്തിഷ്കമാണ്. നമ്മുടെ ശരീരത്തെ മുഴുവൻ നിയന്ത്രിക്കുന്നത് മസ്തിഷ്കമാണല്ലോ. എപ്പോഴാണ് നാം നടക്കാനും ഓടാനുമൊക്കെയുള്ള കഴിവുകളും അറിവുകളുമെല്ലാം നേടിയത്? ഒരു നവജാത മനുഷ്യക്കുഞ്ഞിന് കരയുക, മുലപ്പാൽ നുകരുക തുടങ്ങിയ, വളരെ ചുരുക്കം കാര്യങ്ങൾ മാത്രമെ സ്വയം ചെയ്യാൻ സാധിക്കുകയുള്ളൂ. എന്നാൽ അത് വളരുമ്പോൾ പതിയെ പതിയെ ചെരിയാനും ഇരിക്കാനും നിൽക്കാനുമൊക്കെ പഠിക്കുന്നു. നമ്മുടെ ശരീരഭാഗങ്ങൾ വളരുന്നതിനനുസരിച്ച് നമ്മുടെ മസ്തിഷ്കവും വളരുകയും പുതിയ കാര്യങ്ങൾ പഠിക്കുകയും ചെയ്യുന്നതിനാലാണിത്.

**അജ്ഞനായാണ് അവൻ ജനിക്കുന്നത്. ശേഷം സഹജീവികളിൽ നിന്നും ഓരോ കാര്യങ്ങൾ പഠിക്കുന്നു. ഒരു കുട്ടി കൂടുതൽ ആളുകളോട് ഇടപഴകിയാണ് വളരുന്നതെങ്കിൽ, അവൻ വേഗത്തിൽ സംസാരിക്കാൻ തുടങ്ങുകയും കൂടുതൽ വസ്തുക്കളുടെ പേരുകൾ പറയുകയും ചെയ്യുന്നു. എന്നാൽ ഒറ്റപ്പെട്ടു വളരുന്ന കുട്ടികൾ സംസാരിച്ചു തുടങ്ങാൻ വൈകുന്നു. മറ്റുള്ളവരിൽനിന്നും പ്രകൃതിയിൽനിന്നും പഠിക്കുക വഴിയാണ് മനുഷ്യൻ അറിവ് നേടുന്നത് എന്നർഥം.**

മനുഷ്യന്റെ അറിവിന്റെ കാര്യവും ഇപ്രകാരം തന്നെയാണ്. അജ്ഞനായാണ് അവൻ ജനിക്കുന്നത്. ശേഷം സഹജീവികളിൽനിന്നും ഓരോ കാര്യങ്ങൾ പഠിക്കുന്നു. ഒരു കുട്ടി കൂടുതൽ ആളുകളോട് ഇടപഴകിയാണ് വളരുന്നതെങ്കിൽ, അവൻ വേഗത്തിൽ സംസാരിക്കാൻ തുടങ്ങുകയും കൂടുതൽ വസ്തുക്കളുടെ പേരുകൾ പറയുകയും ചെയ്യുന്നു. എന്നാൽ ഒറ്റപ്പെട്ടു വളരുന്ന കുട്ടികൾ സംസാരിച്ചു തുടങ്ങാൻ വൈകുന്നു. മറ്റുള്ളവരിൽ നിന്നും പ്രകൃതിയിൽനിന്നും പഠിക്കുകവഴിയാണ് മനുഷ്യൻ അറിവ് നേടുന്നത് എന്നർഥം. ഇതെങ്ങനെയാണ് സാധ്യമാകുന്നതെന്നു നോക്കാം.


ഓരോ വസ്തുവിന്റെയും പേര് നമ്മൾ ആദ്യമായി കേൾക്കുമ്പോൾ തലച്ചോറിന്റെ അസോസിയേഷൻ ഭാഗം അതിനെ സൂക്ഷിച്ചുവയ്ക്കുകയാണ് ചെയ്യുക. പിന്നീട് അതേ വസ്തുവിനെ കാണുമ്പോൾ ആ കേന്ദ്രം നമുക്കത് വീണ്ടും ഓർമയിൽ കൊണ്ടുവരുന്നു.

ഉദാഹരണമായി, നമ്മൾ ഒരിക്കൽപോലും കണ്ടിട്ടില്ലാത്ത ഭംഗിയുള്ള ഒരു പക്ഷിയെ കണ്ടാൽ നാം എന്തു പറയും? 'നല്ല ഭംഗിയുള്ള പക്ഷി' എന്ന്! അല്ലേ? പിന്നീട് ഒരു മൃഗശാലയിൽവച്ച് നാം അതുപോലുള്ള ഒരു പക്ഷിയെ കാണാനിടയായി. ആ പക്ഷിയുടെ പേര് അവിടെ രേഖപ്പെടുത്തിയത് നാം ശ്രദ്ധിച്ചു. കുറെ കാലങ്ങൾക്കു ശേഷം ആ ഇനത്തിൽ പെട്ട ഒരു പക്ഷിയെ ഒരു വൃക്ഷത്തിന്റെ കൊമ്പിൽവച്ച് കാണുമ്പോൾ ആ പക്ഷിയുടെ പേര് നമ്മുടെ ഓർമയിൽ വരും. ഇത് സാധ്യമാകുന്നത് തലച്ചോറിന്റെ അസോസിയേഷൻ ഭാഗത്തിന്റെ സഹായത്തോടെയാണ്.

ഇപ്രകാരം പേരുകൾ ഓർക്കാൻ മാത്രമല്ല, നമ്മൾ പഠിച്ച പ്രവൃത്തികൾക്കും (motor association area), കാഴ്ചകൾക്കും (visual association area), കേൾവികൾക്കും (auditory association area), സ്പർശനത്തിനും (sensory association area) എല്ലാം അസോസിയേഷൻ ഭാഗങ്ങൾ ഉണ്ട്.

"നിസ്സംശയം, അവൻ വിരമിച്ചിട്ടില്ലെങ്കൽ നാം ആ കുടുമ പിടിച്ചു വലിക്കുകതന്നെ ചെയ്യും. കള്ളം പറയുന്ന, പാപം ചെയ്യുന്ന കുടുമ" (96:15,16).

തലയുടെ ഏറ്റവും മുൻഭാഗത്തെയാണ് കുടുമ എന്നു പറയാറ്. മേൽപറഞ്ഞ വചനത്തിൽ പാപം ചെയ്യുന്ന, കള്ളം പറയുന്ന ഒന്നായിട്ടാണ് കുടുമയെ വിശേഷിപ്പിച്ചത്.





**മസ്തിഷ്കത്തിന്റെ ഭാഗങ്ങൾ** (Lobes of brain)



**ശാസ്ത്രീയമായ പല പഠനങ്ങളിലും, കുറ്റവാളികളിൽ മസ്തിഷ്കത്തിന്റെ ഈ ഭാഗം കൂടുതൽ പ്രവർത്തനസജ്ജമായി കാണപ്പെട്ടിട്ടുണ്ട്. തലച്ചോറിന്റെ ഈ ഭാഗത്ത് പക്ഷാഘാതം (stroke) പിടിപെടുന്ന ആളുകളിലും അപകടം മൂലം ഈ ഭാഗത്തിന് മുറിവുകൾ സംഭവിക്കുന്നവരിലും അവരുടെ സ്വഭാവത്തിൽ സാരമായ മാറ്റങ്ങൾ വരുന്നതായും കാണപ്പെട്ടിട്ടുണ്ട്.**

നമ്മുടെ മസ്തിഷ്കത്തെ പ്രധാനമായും നാല് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. അവ ഫ്രണ്ടൽ (frontal), പരൈറ്റൽ (Parietal), ടെമ്പറൽ (temporal), ഓക്സിപ്പിറ്റൽ (occipital), ഭാഗങ്ങൾ (lobes)എന്നിവയാണ്.




**മസ്തിഷ്കവും അസോസിയേഷൻ ഭാഗങ്ങളും**

ഇവയിൽ ഓരോ ഭാഗത്തിനും പ്രത്യേകം പ്രത്യേകം ജോലികൾ ഉണ്ട്. ഉദാഹരണത്തിന്, ഓക്സിപ്പിറ്റൽ ഭാഗം കാഴ്ചയെ നിയന്ത്രിക്കുന്നു.

ഇവയിൽ മസ്തിഷ്കത്തിന്റെ മുൻഭാഗത്ത് കാണുന്ന ഭാഗത്തെയാണ് ഫ്രണ്ടൽ ഭാഗം (frontal lobe) എന്നു പറയുന്നത്. ഈ ഭാഗത്തെ അവയുടെ ജോലിക്കനുസരിച്ച് വീണ്ടും പലഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഇവയിൽ മസ്തിഷ്കത്തിന്റെ ഏറ്റവും മുൻഭാഗത്തെ പ്രീ ഫ്രണ്ടൽ കോർട്ടേക്സ് (pre -frontal cortex) എന്നു വിളിക്കുന്നു. ഈ ഭാഗമാണ് ഓരോ വ്യക്തിയുടെയും പൊതു സ്വഭാവത്തെ (social behavior) നിയന്ത്രിക്കുന്നത്. അതായത് നല്ലതും ചീത്തയുമായ എല്ലാ കാര്യങ്ങളെയും നിയന്ത്രിക്കുന്നത് ഈ ഭാഗമാണ്.

നമ്മുടെ ഓരോരുത്തരുടെയും സ്വഭാവം വ്യത്യസ്തമാണല്ലോ. ചിലയാളുകൾ സ്ത്രീകളോട് മാന്യമായി പെരുമാറുന്നു. മറ്റു ചിലർ അവരെ ഉപദ്രവിക്കുന്നു. ഒരു മനുഷ്യന് ഒരേ വിഷയത്തിൽ മേൽപറഞ്ഞ പോലെ ഏതു രീതിയിൽ ഉള്ളവനായും മാറാൻ കഴിയും. ചില യാളുകൾക്ക് പണം വീണുകിട്ടിയാൽ വിശ്വസ്തതയോടെ ഉടമസ്ഥനെ കണ്ടെത്തി ഏൽപിക്കുന്നു. ചിലർ അന്യന്റെ പണം അപഹരിക്കുന്നു. മറ്റുചിലർ പണത്തിനു വേണ്ടി ആളുകളെ കൊല്ലുന്നു. ഇങ്ങനെ വ്യത്യസ്ത സ്വഭാവമുള്ളവരാകുന്നതിൽ പ്രീ ഫ്രണ്ടൽ കോർട്ടേക്സ് സുപ്രധാന പങ്ക് വഹിക്കുന്നു.

ശാസ്ത്രീയമായ പല പഠനങ്ങളിലും, കുറ്റവാളികളിൽ മസ്തിഷ്കത്തിന്റെ ഈ ഭാഗം കൂടുതൽ പ്രവർത്തനസജ്ജമായി കാണപ്പെട്ടിട്ടുണ്ട്. തലച്ചോറിന്റെ ഈ ഭാഗത്ത് പക്ഷാഘാതം (stroke) പിടിപെടുന്ന ആളുകളിലും അപകടം മൂലം ഈ ഭാഗത്തിന് മുറിവുകൾ സംഭവിക്കുന്നവരിലും അവരുടെ സ്വഭാവത്തിൽ (Social behaviour) സാരമായ മാറ്റങ്ങൾ വരുന്നതായും കാണപ്പെട്ടിട്ടുണ്ട്.



# സമസ്തയുടെ 'ക്ലാവ്' പിടിച്ച ആദർശവും 'ക്ലച്ച്' പിടിക്കാത്ത കറാമത്ത് കഥകളും

**മൂസ സ്വലാഹി കാര**
:97473 45768

പ്രമാണങ്ങൾ പഠിപ്പിച്ച സത്യത്തെ മുറുകെ പിടിച്ചും അസത്യത്തിൽ നിന്നകന്നും ചൊവ്വായ വഴിക്ക് ജീവിക്കാൻ കൽപിക്കപ്പെട്ടവരാണ് മുസ്‌ലിംകൾ. ആർക്കും അംഗീകരിക്കാനും ഉൾക്കൊള്ളാനും അനുവർത്തിക്കാനും സാധിക്കും വിധം സുവ്യക്തവും പ്രായോഗികവുമാണ് ഇസ്‌ലാമിന്റെ നിയമനിർദേശങ്ങൾ. അല്ലാഹു പറയുന്നു: "ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ആർക്കാണോ അവനത്രെ (അത് അവതരിപ്പിച്ചവൻ). അവൻ സന്താനത്തെ സ്വീകരിച്ചിട്ടില്ല. ആധിപത്യത്തിൽ അവന്ന് യാതൊരു പങ്കാളിയും ഉണ്ടായിട്ടുമില്ല. ഓരോ വസ്തുവെയും അവൻ സൃഷ്ടിക്കുകയും അതിനെ അവൻ ശരിയാംവണ്ണം വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു" (ക്വുർആൻ 25:2).

അല്ലാഹു സ്രഷ്ടാവും സംരക്ഷകനും ഏക ആരാധ്യനുമാണെന്നും അവന് പുറമെയുള്ളതെല്ലാം സൃഷ്ടികളും അവയെല്ലാം അവന്റെ അധികാരത്തിലും നിയന്ത്രണത്തിലും നിർണയത്തിലുമാണെന്നും ഈ വചനം നമ്മെ ബോധ്യപ്പെടുത്തുന്നു.

അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്ന അടിസ്ഥാന വിശ്വാസത്തിൽനിന്നകന്ന് താഴ്മ നിറഞ്ഞ ഇഷ്ടവും ആദരവും ബഹുമാനവും പല ന്യായങ്ങളും നിരത്തി ലാത്ത, ഉസ്സ, മനാത്ത പോലുള്ള വിഗ്രഹങ്ങൾക്ക് മുമ്പിൽ അർപ്പിച്ചവരായിരുന്നു മക്കാമുശ്‌രിക്കുകൾ. സമാനമായ

മാർഗം സ്വീകരിച്ച് ശിയാ-സൂഫി വ്യതിയാന കക്ഷികൾ സമൂഹത്തിൽ രംഗപ്രവേശനം നടത്തുകയും അവരുടെ ഇമാമുമാരെ അതിരുവിട്ട് പുകഴ്ത്തി അപകടകരമായ ശിർക്കിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും ചെയ്തു. ശിയാക്കൾ വ്യാപിപ്പിച്ച അന്ധവിശ്വാസങ്ങളിൽ താത്പര്യം മൂത്ത സമസ്ത മുസ്‌ലിയാക്കന്മാർ അവരെ പിന്തുടർന്ന് പല രൂപത്തിലുള്ള അനാചാരങ്ങളും സൃഷ്ടിച്ചുകൊണ്ടിരുന്നു. ആരാധനയായി പഠിപ്പിക്കപ്പെട്ട പ്രാർഥന, ഇസ്തിഗാസ, തവസ്സുൽ, തവക്കുൽ, നേർച്ച എന്നിവയെല്ലാം അല്ലാഹുവല്ലാത്തവർക്ക് നൽകി ശിർക്കിന് ജീവൻ നൽകി. ഇഷ്ടദാസന്മാർക്ക് ആദരവായി അല്ലാഹു നിശ്ചയിക്കുന്ന കറാമത്തുകളുടെ മറവിൽ കള്ളക്കഥകൾ പടച്ച് വിശ്വാസ-കർമ മേഖലകളിൽ സമൂഹത്തെ അവർ നന്നായി ചൂഷണം ചെയ്തു. ഒരു നൂറ്റാണ്ടോടടുക്കുന്ന സമസ്തയുടെ, കറാമത്തുമായി ബന്ധപ്പെട്ട വികലമായ ആശയം കാണുക: "ചുരുക്കത്തിൽ ഔലിയാക്കൾ ഉദ്ദേശിക്കുമ്പോഴും അല്ലാത്തപ്പോഴും അവരിൽ നിന്ന് അസാധാരണ സംഭവങ്ങൾ ഉണ്ടാകാവുന്നതാണ്. സാധാരണക്കാർക്ക് സാധാരണ കാര്യങ്ങൾ ചെയ്യാനുള്ള ഇച്ഛാസ്വാതന്ത്ര്യം ഉള്ളതുപോലെ ഔലിയാക്കൾക്ക് കറാമത്തുകൾ പ്രകടിപ്പിക്കാനുള്ള ഇച്ഛാസ്വാതന്ത്ര്യം ഉണ്ട്" (കറാമത്തുകൾ/അബ്ദുൽ അസീസ് സഖാഫി വാളക്കുളം/പേജ് 13,14).

"അമ്പിയാ, ഔലിയാക്കളുടെ ജീവിതകാലത്തുള്ള അസാധാരണ കഴിവ് ശരീരത്തിന്റെ ശക്തികൊണ്ടല്ല, ആത്മീയ ശക്തികൊണ്ടാണ്. മരണപ്പെട്ടാലും ആത്മാവ് നശിക്കുന്നില്ല. അതു കൂടുതൽ ശക്തമാവുകയാണ്. അതിനാൽ തന്നെ അവരുടെ ജീവിതകാലത്തുള്ള മുഅ്ജിസത്തും കറാമത്തും മരണശേഷവും ഉണ്ടാകുന്നതാണ്. മുറിയുന്ന പ്രശ്നമേയില്ല. മരണശേഷം സിദ്ധിയില്ലെന്നും അറിവും കേൾവിയും ഇല്ലെന്നു

**ശിയാക്കൾ വ്യാപിപ്പിച്ച അന്ധവിശ്വാസങ്ങളിൽ താത്പര്യം മൂത്ത സമസ്ത മുസ്‌ലിയാക്കന്മാർ അവരെ പിന്തുടർന്ന് പല രൂപത്തിലുള്ള അനാചാരങ്ങളും സൃഷ്ടിച്ചുകൊണ്ടിരുന്നു. ആരാധനയായി പഠിപ്പിക്കപ്പെട്ട പ്രാർഥന, ഇസ്തിഗാസ, തവസ്സുൽ, തവക്കുൽ, നേർച്ച എന്നിവയെല്ലാം അല്ലാഹുവല്ലാത്തവർക്ക് നൽകി ശിർക്കിന് ജീവൻ നൽകി.**

മുള്ള വഹാബി വാദം യുക്തിവാദികളുടെ വാദമാണ്" (സുന്നി ആദർശം ചോദ്യോത്തരങ്ങളിലൂടെ-3/എം.എ ജലീൽ സഖാഫി പുല്ലാര/പേജ് 31).

പ്രമാണങ്ങളിൽ കാണാത്തതും അഹ്ലുസ്സുന്ന വൽജമാഅയുടെ പണ്ഡിതന്മാർ അംഗീകരിക്കാത്തതുമായ നിർവചനങ്ങളാണ് 'കറാമത്ത്' എന്ന പദത്തിന് പുരോഹിതന്മാർ നൽകുന്നത്. ഈ ആശയം സ്ഥാപിക്കാൻ പ്രമാണങ്ങളെ വളച്ചൊടിക്കുകയും വ്യാജ കഥകൾ കെട്ടിച്ചമയ്ക്കുകയും ചെയ്തു. വിശ്വാസി മനസ്സുകളെ ഞെട്ടിപ്പിക്കുന്നതും മതനിഷേധികളെ സന്തോഷിപ്പിക്കുന്നതും അജ്ഞരെ അത്ഭുതപ്പെടുത്തുന്നതുമായ നിരവധി കറാമത്ത് കഥകൾക്ക് സമൂഹം സാക്ഷിയായി. അല്ലാഹുവിന്റെ കൽപനകളെ വിസ്മരിച്ചും പ്രവാചക വചനങ്ങളോട് വിസമ്മതം കാണിച്ചും പുരോഹിതന്മാർ ആനന്ദ നിർവൃതിയിലായി. അവിശ്വാസികളെ സംബന്ധിച്ച് അല്ലാഹു പറഞ്ഞതാണ് ഉണർത്താനുള്ളത്: "പക്ഷേ, അവരുടെ ഹൃദയങ്ങൾ ഈ കാര്യത്തെപ്പറ്റി അശ്രദ്ധയിലാകുന്നു. അവർക്ക് അത് കൂടാതെയുള്ള ചില പ്രവൃത്തികളാണുള്ളത്. അവർ അത് ചെയ്തുകൊണ്ടിരിക്കുകയാകുന്നു" (23:63).

സമസ്തയെ കുഴക്കിയ പേരോട് വിഭാഗത്തിന്റെ 'ഉലമാ സമ്മേളനം' അവരുടെ ഇതുവരെയുള്ള ആദർശത്തിന് 'അഴുക്ക്' പിടിച്ചിട്ടുണ്ടെന്ന് മുശാവറയോട് വിളിച്ചുപറയുന്നതായിരുന്നു. കാന്തപുരമടക്കം നിലവിലുള്ളവരും മുൻഗാമികളുമായ മുഴുവൻ മുസ്‌ലിയാക്കന്മാരുടെയും തലയ്ക്കടിച്ചും ഒരു നൂറ്റാണ്ടിന്റെ വിജയം ആദർശ വീഥിയിൽ വരിക്കാൻ കഴിഞ്ഞുവെന്ന സമസ്തയുടെ അവകാശവാദത്തെ തകർത്തും 'രസികൻ കറാമത്ത് കാഥികരായ' മുസ്‌ലിയാക്കന്മാരുടെ നാവിനെ മരവിപ്പിച്ചുമാണ് ഉലമാ സമ്മേളനസംഘം മുന്നോട്ട് പോകുന്നത്.

ഉലമാ സമ്മേളന പുസ്തകത്തിലെ ഒരു ഭാഗം വായിക്കാം: "ബാഹ്യമായി നോക്കുമ്പോൾ തെറ്റായ



കാര്യമായി തോന്നുന്നത് പറയാൻ പാടില്ല. ജനങ്ങൾ വ്യാഖ്യാനം ചിന്തിക്കുകയില്ല. അവരുടെ ഈമാൻ അപകടത്തിലാക്കരുത്" (പേജ് 7). അന്ധവിശ്വാസത്തിന്റെ ആഴിയിലേക്ക് സമൂഹത്തെ തള്ളിയിടുന്ന, ശൈഖുമാരെന്ന് പരിചയപ്പെടുത്തപ്പെട്ടവരുടെ പേരിൽ പ്രചാരത്തിലുള്ള ഏതാനും സംഭവങ്ങളുടെ വിധികൂടി പേരോട് വിഭാഗം പുറത്തുവിടേണ്ടതുണ്ട്. തെരഞ്ഞെടുക്കപ്പെട്ട പ്രബോധകർക്ക് മാത്രം തത്ത്വങ്ങൾ പറഞ്ഞുകൊടുക്കുമ്പോൾ നിർമിത കഥകൾ കേട്ട് അന്തംവിട്ടു ജീവിക്കുന്ന സാധാരണക്കാർക്ക് കൂടി ഇതറിയാനുള്ള അവകാശമുണ്ടെന്നത് മുശാവറക്കാർ മറന്നുപോകരുത്.

രിഫാഈ ശൈഖിന്റെ പോരിശയായി പറഞ്ഞത് കാണുക: "നിരവധി കറാമത്തുകൾ ജീവിതത്തിലും വഫാത്തിന് ശേഷവും വെളിവായിട്ടുണ്ട്. ജീവിതകാലത്ത് പ്രസിദ്ധമായ ഒന്നാണ് അവിടത്തേക്ക് സുൽത്താനുൽ ആരിഫീൻ എന്ന നാമകരണം ലഭിച്ച സംഭവം. അവർ അറഫയിൽ ആയിരിക്കുമ്പോൾ അവരുടെ ഹൃദയത്തിലേക്ക് ഒരു ഇലാഹീ പ്രഭ പ്രത്യക്ഷപ്പെട്ടതും സുൽത്താനുൽ ആരിഫീൻ എന്ന പേര് വിളിക്കപ്പെട്ടതും തുടർന്ന് തിരു നബി(സ)യുടെ ആശീർവാദം ലഭിച്ചതും" (സുന്നത്ത് മാസിക/2016 ഫെബ്രുവരി/പേജ് 37,38).

നബി(സ്വ)യോടൊപ്പം സഹവാസ സൗഭാഗ്യം സിദ്ധിച്ച ഒരാൾക്കുപോലും ലഭിക്കാത്തത് അവകാശപ്പെടുന്നതിന്റെ അപകടം എത്രയാണ്! ശഹാദത്ത് കലിമയിലുള്ള വിശ്വാസത്തിൽ ഭംഗം വരുത്തി വഴികേടിൽ പ്രവേശിച്ചവർക്കേ ഇങ്ങനെ ജൽപിക്കാനാകൂ. അല്ലാഹു പറയുന്നു: "(നബിയേ,) അതിനാൽ ഒരു സമയംവരെ അവരെ അവരുടെ വഴികേടിലായിക്കൊണ്ട് വിട്ടേക്കുക" (23:54).

രിഫാഈ ശൈഖിനെപ്പറ്റി വീണ്ടും എഴുതുന്നു: "ശിഷ്യന്മാരിൽ ഒരാൾ ചോദിച്ചു: 'ശൈഖവറുകളെ! അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കിയ ഒരാളുടെ ലക്ഷണമെന്താണ്?' 'അല്ലാഹുവിന്റെ മുഴുവൻ സൃഷ്ടികളിലും അവനു മേൽകൈ നൽകലാണ്.' ശൈഖ് രിഫാഈ(റ) മറുപടി പറഞ്ഞു. ശിഷ്യൻ വീണ്ടും ചോദിച്ചു: 'അതിന്റെ അടയാളമെന്താണ്?' ശൈഖ് പറഞ്ഞു: 'മത്സ്യത്തിന്റെ ഈ അവശിഷ്ടങ്ങളോട് പോകൂ എന്ന് പറഞ്ഞാൽ അവ നീന്തിത്തുടിച്ച് പോകണം.' പാത്രത്തിലെ മത്സ്യാവശിഷ്ടങ്ങളിലേക്ക് കൈ ചൂണ്ടിക്കൊണ്ട് രിഫാഈ(റ) പറഞ്ഞു: 'എഴുന്നേറ്റു പോകൂ.' പറഞ്ഞുതീരേണ്ടതാമസം, പാത്രത്തിൽ കിടന്ന അവശിഷടങ്ങൾ ജീവനുള്ള മത്സ്യങ്ങളായി മാറുകയും കടലിലേക്കുതന്നെ പിടച്ചുപോവുകയും ചെയ്തു" (ഔലിയാഇൽ രാജകിളി തൃപ്പനച്ചി ഉസ്താദ്/പേജ് 130,131). ശൈഖ് കടപ്പുറത്തിരുന്നാണോ ഇങ്ങനെ കൽപിച്ചത്, ദൂരെയിരുന്നാണെങ്കിൽ കാടും മേടും പാടവും പറമ്പുമൊക്കെ താണ്ടി മത്സ്യങ്ങൾ എങ്ങനെ സഞ്ചരിച്ചു, കടലിലേക്കുതന്നെ പിടച്ചുപോകുന്നതു നിരീക്ഷിച്ചറിയാൻ ആളുകൾ കൂടെ പോയിരുന്നോ എന്നൊന്നും ചോദിക്കരുത്. ബുദ്ധി പണയംവച്ചവർ അപ്പടിയങ്ങ് വിശ്വസിച്ചുകൊള്ളുക.

**സമസ്തയെ കുഴക്കിയ പേരോട് വിഭാഗത്തിന്റെ 'ഉലമാ സമ്മേളനം' അവരുടെ ഇതുവരെയുള്ള ആദർശത്തിന് 'അഴുക്ക്' പിടിച്ചിട്ടുണ്ടെന്ന് മുശാവറയോട് വിളിച്ചുപറയുന്നതായിരുന്നു. കാന്തപുരമടക്കം നിലവിലുള്ളവരും മുൻഗാമികളുമായ മുഴുവൻ മുസ്‌ലിയാക്കന്മാരുടെയും തലയ്ക്കടിച്ചും ഒരു നൂറ്റാണ്ടിന്റെ വിജയം ആദർശ വീഥിയിൽ വരിക്കാൻ കഴിഞ്ഞുവെന്ന സമസ്തയുടെ അവകാശവാദത്തെ തകർത്തും 'രസികൻ കറാമത്ത് കാഥികരായ' മുസ്‌ലിയാക്കന്മാരുടെ നാവിനെ മരവിപ്പിച്ചുമാണ് ഉലമാ സമ്മേളനസംഘം മുന്നോട്ട് പോകുന്നത്.**

ഏറ്റവും വലിയ വലിയ്യായ നബി(സ്വ)ക്ക് പോലും ഇങ്ങനെയൊരു കഴിവ് നൽകപ്പെട്ടിട്ടില്ല. എല്ലാ കഴിവും സർവതിന്റെയും അധികാരവും അല്ലാഹുവിന് മാത്രമായിരിക്കെ ഇതിന്റെയെല്ലാം വിധി എന്താണ്? ഖുർആൻ പറയുന്നു: "ആധിപത്യം ഏതൊരുവന്റെ കൈയിലാണോ അവൻ അനുഗ്രഹപൂർണനായിരിക്കുന്നു. അവൻ ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു" (67:1).

എ.പി വിഭാഗം സമസ്ത മുശാവറയിൽ ഭിന്നതയുണ്ടാക്കാൻ കാരണമായതും നിലപാട് ഉറപ്പാക്കാൻ കഴിയാതെ മുസ്‌ലിയാക്കന്മാർ പരസ്യവിമർശനത്തിലകപ്പെട്ടതുമായ, 'ലോകം മുഴുവൻ നിയന്ത്രിക്കുന്നത് സിഎം മടവൂരാണ്' എന്ന പ്രഖ്യാപനം ഇപ്പോഴും അവരെ വട്ടംകറക്കുകയാണ്.

മമ്പുറം തങ്ങളുടെ മേന്മയായി പറയുന്നത് കാണുക: "ആകാശം, ഭൂമി, ലൗഹ്, അർശ്, കുർസിയ്യ് തുടങ്ങി അല്ലാഹുവിന്റെ അധികാര പരിധിയിൽപെട്ട വസ്തുക്കളെ മഹാനവർകൾ മനസ്സിലാക്കി. അല്ലാഹു നൽകിയ കഴിവിന്റെ അടിസ്ഥാനത്തിൽ പല കാര്യങ്ങളും പ്രവചിക്കാനും ദീർഘവീക്ഷണത്തോടെ പ്രസ്താവിക്കാനും തങ്ങൾക്ക് കഴിഞ്ഞിരുന്നു. ദൈവിക സമീപനത്തിന്റെ ആഴം കാരണം ലൗഹിൽ നോക്കി ഭാവി, ഭൂത, വർത്തമാനങ്ങൾ മനസ്സിലാക്കാനുള്ള കഴിവ് സൂഫികൾ സ്വായത്തമാക്കിയിരുന്നു. തന്നെ സമീപിക്കുന്നവരുടെ മനസ്സ് വായിക്കുന്ന രീതി തങ്ങളുടെ ജീവിതത്തിൽ സാധാരണമായിരുന്നു" (മമ്പുറം സയ്യിദ് അലവി തങ്ങൾ/ഡോ.മോയിൻ മലയമ്മ/പേജ് 64).

“സിലോണിലെ ആദം മലയിൽ ഒരു മഹാൻ ജീവിച്ചിരുന്നു. ഒരിക്കൽ സയ്യിദ് അലവി തങ്ങൾ അദ്ദേഹത്തിന് ഒരു കത്ത് കൊടുത്തയച്ചു. ദൂതൻ കത്തുമായി ആദം മലയിലെത്തിയപ്പോൾ സയ്യിദ് അലവി തങ്ങൾ അവിടെയുണ്ടായിരുന്നു. മഹാന്റെ മറുപടിയുമായി തിരികെ മമ്പുറത്തെത്തിയപ്പോൾ തങ്ങൾ അവിടെയുമുണ്ടായിരുന്നു. ദൂതന്റെ അത്ഭുതം കണ്ട് അദ്ദേഹം പറഞ്ഞു: ‘ഞാൻ എല്ലായിടത്തുമുണ്ടാകും’’ (പേജ് 65).

വീണ്ടും എഴുതുന്നു: “ഒരിക്കൽ ഖുതുബുസ്സമാന്റെ സന്നിധാനത്ത് ഒരാളെത്തി. അദ്ദേഹം പറഞ്ഞു: ‘മഹാനവർകളേ, എനിക്ക് ധാരാളം പെൺകുട്ടികളുണ്ട്. അൽഹംദുലില്ലാഹ്. ഒരു ആൺകുട്ടികൂടിയുണ്ടാവാൻ തങ്ങൾ ദുആ ചെയ്യണം.’ തങ്ങൾ പ്രതിവചിച്ചു: ‘ഇൻശാ അല്ലാഹ്. അല്ലാഹു ആൺകുട്ടിയാക്കും. മാസങ്ങൾക്കു ശേഷം അദ്ദേഹത്തിന്റെ ഭാര്യ പ്രസവിച്ചു. എന്നാൽ കുഞ്ഞ് പെൺകുഞ്ഞ്. ഏറെ ആധിയോടെയാണ് അദ്ദേഹം മമ്പുറത്തേക്ക് ചെന്നത്. ‘തങ്ങളവർകൾ പറഞ്ഞിരുന്നല്ലോ; എന്റെ അടുത്തകുഞ്ഞ് ആൺകുഞ്ഞായിരിക്കും. പക്ഷേ, ഭാര്യ പ്രസവിച്ചത് പെൺകുട്ടിയാണ്.’ മമ്പുറം തങ്ങൾ പ്രതിവചിച്ചു: ‘നീ വീട്ടിൽ പോവൂ. കുട്ടി ആൺകുട്ടി തന്നെയായിരിക്കും.’ അയാൾ ജിജ്ഞാസയോടെ വീണ്ടും വീട്ടിലേക്കോടി. തങ്ങളവർകളുടെ പ്രവചനം പോലെ കുഞ്ഞ് ആൺകുട്ടിതന്നെയായിരിക്കുന്നു’’ (മമ്പുറം തങ്ങളുടെ 100 കറാമത്തുകൾ/റിയാസ് ഫൈസി വെള്ളില/പേജ് 19).

ചിന്തിക്കുക! ഏതർഥത്തിലാണ് ഇതെല്ലാം ഇസ്‌ലാമാവുക? ‘ദൈവിക സമീപനത്തിന്റെ ആഴം കാരണം ലൗഹിൽ നോക്കി ഭാവി, ഭൂത, വർത്തമാനങ്ങൾ മനസ്സിലാക്കാനുള്ള കഴിവ് സൂഫികൾ സ്വായത്തമാക്കിയിരുന്നു’വത്രെ! അല്ലാഹുവിന്റെ റസൂലി(സ്വ)നും സ്വഹാബിമാർക്കും അങ്ങനെയൊരു കഴിവുണ്ടായിരുന്നില്ല എന്ന കാര്യത്തിൽ സംശയമില്ല. അവരെക്കാളുമൊക്കെ മുകളിലാണ് തങ്ങളുടെ സൂഫി ആചാര്യൻമാർ എന്നു വരുത്തുകയല്ലേ ഇതിന്റെയൊക്കെ ലക്ഷ്യം? പെണ്ണായി ജനിച്ച കുട്ടിയെ മമ്പുറം തങ്ങൾ അദൃശ്യമായ നിലയിൽ ആണാക്കി മാറ്റിയത്രെ! ആർക്കും അറിയാൻ കഴിയാത്ത വിധം രഹസ്യമാണ് ലൗഹുൽ മഹ്ഫൂദ്. അല്ലാഹുവിന് മാത്രമായുള്ള കഴിവുകളെയാണ് ഇവർ സൃഷ്ടികളിൽ ചാർത്തുന്നത്. നബി(സ)യിൽ എന്ത് വിശ്വാസവും മാതൃകയുമാണ് ഈ മുസ്‌ലിയാക്കന്മാർക്കുള്ളത്? അല്ലാഹു പറയുന്നു: “ആകാശത്തിലും ഭൂമിയിലുമുള്ളത് അല്ലാഹു അറിയുന്നുണ്ടെന്ന് നിനക്ക് അറിഞ്ഞുകൂടേ? തീർച്ചയായും അത് ഒരു രേഖയിലുണ്ട്. തീർച്ചയായും അത് അല്ലാഹുവിന് എളുപ്പമുള്ള കാര്യമത്രെ’’ (22:70).

സിഎം മടവൂരിനെക്കുറിച്ച് പറയുന്നു: “മൂസാ ഉസ്താദ്: ‘എന്റെ ഭാര്യ മൂന്ന് പ്രസവിച്ചു. മൂന്നും പെൺകുട്ടികളാണ്. നാലാമത് ഗർഭിണിയാണ്. ആൺകുട്ടിയാവാൻ ആഗ്രഹമുണ്ട്. ഞാൻ കക്കിടിപ്പുറം ഓറെ കണ്ടുവരികയാണ്.’ ശൈഖുന: ‘അവർ എന്ത് പറഞ്ഞു?’ കക്കിടിപ്പുറം വലിയുല്ലാഹിയുടെ പ്രതികരണം മൂസാ ഉസ്താദ് ശൈഖുനായെ അറിയിച്ചപ്പോൾ മഹാനവർകൾ ചോദിച്ചു: ‘നിങ്ങൾക്ക് എന്താണ് വേണ്ടത്?’ മൂസാ ഉസ്താദ്: ‘ആൺകുട്ടിയെയാണ് വേണ്ടത്.’ ശൈഖുന: ‘എന്നാൽ അതിനെ ഞാൻ ആണാക്കിയിരിക്കുന്നു’’ (സിഎം വലിയുല്ലാഹ്(റ), കറാമത്തുകളും അനുഭവങ്ങളും/കഴക്കൂട്ടം എവി ശംസുദ്ദീൻ മുസ്‌ലിയാർ/പേജ് 117).

അല്ലാഹുവിന്റെ തീരുമാനത്തെ മാറ്റിമറിക്കുവാൻ സൃഷ്ടികളെക്കൊണ്ട് സാധിക്കുമോ? അല്ലാഹുവിന്റെ ഉദ്ദേശ്യത്തിൽ ഇടപെടാൻ ഔലിയാക്കളെന്ന് പറയപ്പെടുന്നവർക്ക് കഴിയുമെന്ന് വിചാരിക്കുന്ന പുരോഹിതന്മാരും അണികളും വിഡ്ഢിക

**അല്ലാഹുവിന്റെ തീരുമാനത്തെ മാറ്റിമറിക്കുവാൻ സൃഷ്ടികളെക്കൊണ്ട് സാധിക്കുമോ? അല്ലാഹുവിന്റെ ഉദ്ദേശ്യത്തിൽ ഇടപെടാൻ ഔലിയാക്കളെന്ന് പറയപ്പെടുന്നവർക്ക് കഴിയുമെന്ന് വിചാരിക്കുന്ന പുരോഹിതന്മാരും അണികളും വിഡ്ഢികളുടെ ലോകത്ത് വിഹരിക്കുന്നവരാണെന്നല്ലാതെ മറ്റെന്തു പറയാൻ**



ളുടെ ലോകത്ത് വിഹരിക്കുന്നവരാണെന്നല്ലാതെ മറ്റെന്തു പറയാൻ! അല്ലാഹു പറയുന്നു; “അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺമക്കളെയും പ്രദാനം ചെയ്യുന്നു. അല്ലെങ്കിൽ അവർക്ക് അവൻ ആൺമക്കളെയും പെൺമക്കളെയും ഇടകലർത്തിക്കൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ സർവജ്ഞനും സർവശക്തനുമാകുന്നു” (42:49,50).

ഒരു വസ്തുവിനെ നോക്കി ‘ഉണ്ടാകൂ’ എന്നു പറഞ്ഞാൽ അത് സംഭവിക്കുമെന്ന് ഇവർ ഔലിയ പദവി ചാർത്തിയവരെക്കുറിച്ച് എഴുതുന്നു: “ശൈഖുനാ സിഎം വലിയ്യുല്ലാഹി(റ) പറയുന്ന കാര്യങ്ങൾ പറഞ്ഞ പ്രകാരം സംഭവിക്കുമായിരുന്നു. ഇത്തരത്തിലുള്ള പല സംഭവങ്ങളും ഈ ഗ്രന്ഥത്തിൽ പുറകെ ഉദ്ധരിക്കുന്നതാണ്. ഒരു വലിയ്യ് പറയുന്നതുപോലെ കാര്യങ്ങൾ ആയിത്തീരുക എന്നത് അദ്ദേഹത്തിന്റെ കറാമത്താണ്. അതുകൊണ്ടാണ് ആകെന്ന് ഞാൻ ചൊൽകിൽ ആകും അതെന്നോവർ എന്നത് ഗൗസുൽ അഅ്ളം അബ്ദുൽ ഖാദിർ ജീലാനി(റ) തങ്ങളുടെ കറാമത്തായി മുഹ്‌യിദ്ദീൻ മാലയിൽ പറഞ്ഞത്” (സിഎം വലിയുല്ലാഹ്(റ), കറാമത്തുകളും അനുഭവങ്ങളും/കഴക്കൂട്ടം എവി ശംസുദ്ദീൻ മുസ്‌ലിയാർ/പേജ് 47,48).

ക്വുർആനിൽ എട്ടോളം സ്ഥലങ്ങളിൽ അല്ലാഹുവിന്റെ വിശേഷണമായി പറയപ്പെട്ട കാര്യമാണ് ഇവർ സൃഷ്ടികളിൽ ചാർത്തുന്നത്! അല്ലാഹു പറയുന്നു: “താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രമാകുന്നു അവന്റെ കാര്യം. അപ്പോഴതാ അതുണ്ടാകുന്നു. അപ്പോൾ മുഴുവൻ കാര്യങ്ങളുടെയും ആധിപത്യം ആരുടെ കൈയിലാണോ, നിങ്ങൾ മടക്കപ്പെടുന്നത് ആരുടെ അടുത്തേക്കാണോ അവൻ എത്ര പരിശുദ്ധൻ!” (36:82,83).

തൃപ്പനച്ചി ജാറത്തിലുള്ള മുഹമ്മദ് മുസ്‌ലിയാർക്ക് സി.എം മടവൂരിനോടുള്ള ബന്ധത്തെക്കുറിച്ച് പറയുന്നു: “വഫാത്തിന് ശേഷവും മഹാൻ ഉസ്താദിന്റെ അടുത്ത് വരാറുണ്ടെന്ന് ഉസ്താദ് പറഞ്ഞിട്ടുണ്ട്. ഒരിക്കൽ മടവൂരിൽനിന്ന് വരികയാണെന്ന് പറഞ്ഞ് ഒരു സ്ത്രീ ഉസ്താദിനെ കാണാൻ വന്നു. അവരുടെ ചില പ്രയാസങ്ങൾ പറഞ്ഞു. അപ്പോൾ ഉസ്താദ് പറഞ്ഞു: ‘ഇന്നലെ ഇക്കാര്യം പറഞ്ഞ് സി.എം എനിക്ക് ഒരു ഇരിക്കപ്പൊറുതി തന്നിട്ടില്ല.’ ഉസ്താദ് അവരുടെ വിഷമത്തിനുള്ള പരിഹാരം നിർദേശിച്ചു” (ഔലിയാഇൽ രാജകിളി തൃപ്പനച്ചി ഉസ്താദ്/പേജ് 528).

പുതിയ മുഹ്‌യിദ്ദീൻ മാലയുടെ ഏഴാം പേജിൽ ശൈഖ് ജീലാനിയുടെ മുരീദിന്റെ റൂഹിനെ പിടിച്ച മലക്കിൽനിന്നും അദ്ദേഹം അതിനെ തട്ടിയെടുത്തു എന്നൊരു കഥയുണ്ട്. നെല്ലിക്കുത്ത് ഇസ്മായിൽ മുസ്‌ലിയാർ ഇതിനെക്കുറിച്ചുള്ള ചോദ്യത്തിന് നൽകിയ മറുപടി നോക്കൂ:

**പുതിയ മുഹ്‌യിദ്ദീൻ മാലയുടെ ഏഴാം പേജിൽ ശൈഖ് ജീലാനിയുടെ മുരീദിന്റെ റൂഹിനെ പിടിച്ച മലക്കിൽനിന്നും അദ്ദേഹം അതിനെ തട്ടിയെടുത്തു എന്നൊരു കഥയുണ്ട്. അല്ലാഹുവും അവന്റെ റസൂലും(സ്വ) പഠിപ്പിച്ച മതത്തിന് എതിരാണ് ഈ വിശ്വാസം എന്ന് ഇസ്‌ലാമിന്റെ ബാലപാഠം പഠിച്ചവർക്കറിയാം. ഇങ്ങനെയുള്ള കള്ളത്തരങ്ങൾ പ്രചരിപ്പിച്ച് ആത്മീയ ചൂഷണം നടത്തുന്നവരോട് ചൂണ്ടിക്കാണിക്കാനുള്ളത് അല്ലാഹുവിന്റെ താക്കീതാണ്**

“ചോ: മുഹ്‌യിദ്ദീൻ മാലയിൽ വലിയൊരു ഖാദിം മൗതായെ നേരത്ത് എന്ന് തുടങ്ങുന്ന വരികളിൽ മരണപ്പെട്ട ഒരു ഖാദിമിന്റെ റൂഹ് ശൈഖവർകൾ അസ്‌റാഈലിനോട് പിടിച്ചുപറിച്ചുവെന്നും അസ്‌റാഈൽ അല്ലാഹുവിന്റെ സന്നിധിയിൽ പരാതി ബോധിപ്പിച്ചുവെന്നും കാണുന്നു. ഇത് വിശ്വസനീയമാണോ?”

“ഉ: ഇന്നത്തെ മുഹ്‌യിദ്ദീൻ മാലയിൽ ഈ വരികൾ ഇല്ല. ഇത് ആരുടെയോ സൃഷ്ടിയാണ്. ഇതിൽ അവിശ്വസനീയമായി ഒന്നും ഇല്ല. കാരണം സുന്നത്ത് ജമാഅത്തിന്റെ വിശ്വാസമനുസരിച്ച് അല്ലാഹുവിന്റെ ഔലിയാഉം സജ്ജനങ്ങളായ അടിമകളും മലക്കുകളേക്കാൾ ശ്രേഷ്ഠരാണ്” (ഫതാവാ/പേജ് 280).

അല്ലാഹുവും അവന്റെ റസൂലും(സ്വ) പഠിപ്പിച്ച മതത്തിന് എതിരാണ് ഈ വിശ്വാസം എന്ന് ഇസ്‌ലാമിന്റെ ബാലപാഠം പഠിച്ചവർക്കറിയാം. ഇങ്ങനെയുള്ള കള്ളത്തരങ്ങൾ പ്രചരിപ്പിച്ച് ആത്മീയ ചൂഷണം നടത്തുന്നവരോട് ചൂണ്ടിക്കാണിക്കാനുള്ളത് അല്ലാഹുവിന്റെ താക്കീതാണ്: “അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. ആ അന്ത്യസമയം നിലവിൽ വരുന്ന ദിവസമുണ്ടല്ലോ, അന്നായിരിക്കും അസത്യവാദികൾക്കു നഷ്ടം നേരിടുന്ന ദിവസം” (45:27).

അഹ്‌ലുസ്സുന്ന വൽജമാഅയുടെ ചട്ടക്കൂടിൽനിന്ന് പാടെ അകന്നുനീങ്ങിയ പുരോഹിതന്മാർ പടച്ചുവിടുന്ന കള്ളക്കഥകൾ ആളുകൾ തിരിച്ചറിയുന്നുണ്ട്. അതുകൊണ്ടുതന്നെ ആ കഥകൾ നിലനിൽപില്ലാതെ പാളിപ്പോവുകയാണ്. ചിന്തിക്കുന്ന ജനങ്ങളെ ഇതൊക്കെ വിശ്വസിപ്പിക്കാൻ സമസ്തയുടെ മുസ്‌ലിയാക്കന്മാർ എത്ര പാടുപെട്ടിട്ടും സാധ്യമല്ല. ■



# സ്വലാഹുദ്ദീൻ അയ്യൂബിയും യഹൂദരും

ഇ.യൂസുഫ് സാഹിബ് നദുവി ഓച്ചിറ
: 9497385707

യഹൂദികളുമായി ചരിത്രത്തിൽ ഏറ്റവും രൂക്ഷമായ പോരാട്ടം നടത്തി വിജയം കൈവരിച്ചത് സുൽത്താൻ സ്വലാഹുദ്ദീൻ അയ്യൂബി(റഹ്) ആയിരുന്നു. യുദ്ധത്തിൽ യഹൂദർ സമാനതകളില്ലാത്ത പരാജയം ഏറ്റുവാങ്ങി. ഫലസ്തീനിൽനിന്നും അവർക്ക് ഇതരപ്രദേശങ്ങളിലേക്ക് ആത്മരക്ഷാർഥം പലായനം ചെയ്യേണ്ടിവന്നു. യുദ്ധത്തിനുശേഷം സമാധാനാവസ്ഥ കൈവന്ന സമയത്ത് സുൽത്വാൻ സ്വലാഹുദ്ദീന്റെ സ്വകാര്യ വൈദ്യനായിരുന്ന മൂസബിൻ മൈമൂൻ, സുൽത്വാനുമായി ഒരു മധ്യസ്ഥ ചർച്ചനടത്തി. വൈദ്യന്റെ വാക്കുകൾ വിശ്വസിച്ച സ്വലാഹുദ്ദീൻ യഹൂദർക്ക് ഫലസ്തീനിലേക്ക് മടങ്ങിവരാനുള്ള  അനുമതിനൽകി.

ഇതോടെ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ഛിന്നഭിന്നമായി കഴിഞ്ഞിരുന്ന യഹൂദർ കൂട്ടത്തോടെ ഫലസ്തീനിലേക്ക് മടക്കയാത്രയാരംഭിച്ചു. സ്വലാഹുദ്ദീനുമായുള്ള ഏറ്റുമുട്ടലിൽ പരാജയപ്പെട്ട് വിവിധ നാടുകളിലേക്ക് അഭയാർഥികളായി കുടിയേറിയ യഹൂദർക്ക് ആ നാടുകളിൽ ഏറെ മർ ദനങ്ങളും പീഡനങ്ങളും അനുഭവിക്കേണ്ടിവന്നിരുന്നു. മധ്യസ്ഥ ചർച്ചയിൽ സുൽത്വാൻ അവരോട് ക്ഷമിച്ചതും വിട്ടുവീഴ്ച ചെയ്തതും യഹൂദരെ സംബന്ധിച്ചിടത്തോളം ഒരുവലിയ അനുഗ്രഹമായി ഭവിച്ചു.

യൂറോപ്പിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ബൈതുൽ മുകദ്ദസ് സന്ദർശിക്കാനെത്തിയ മുന്നൂറിൽപരം യഹൂദ പണ്ഡിത-പുരോഹിതന്മാരെ സ്വലാഹുദ്ദീൻ അയ്യൂബി ഹാർദമായി സ്വാഗതം ചെയ്തു സ്വീകരിച്ചതായി ചരിത്രം രേഖപ്പെടുത്തുന്നു. 'സുൽത്വാൻ സ്വലാഹുദ്ദീൻ ബൈതുൽ മുകദ്ദസ് കീഴടക്കിയതിനെ തുടർന്ന് യഹൂദർ കൂട്ടത്തോടെ അങ്ങോട്ട് കുടിയേറി' യതായി ക്രി:1216ൽ ബൈതുൽ മുകദ്ദസ് സന്ദർശിച്ച

സ്പാനിഷ് വംശജനായ യഹൂദകവി 'യഹൂദ് അൽഖർസി' രേഖപ്പെടുത്തുന്നു. ഫസ്തീനിൽ യഹൂദർ താമസിക്കുന്നതിനെ സുൽത്വാൻ സ്വലാഹുദ്ദീൻപോലും എതിർത്തിട്ടില്ലെന്നാണ് അദ്ദേഹം രേഖപ്പെടുത്തുന്നത്. ഇതരമതസ്ഥരോട് കാരുണ്യപൂർവം പെരുമാറാനുള്ള ഇസ്‌ലാമിന്റെ നിർദേശത്തെ ഭരണാധികാരി സവിനയം സ്വീകരിച്ചതിന്റെ അടയാളമായിട്ട് ഈ നടപടിക്രമങ്ങളെ മുസ്‌ലിം സമൂഹം വിലയിരുത്തുന്നു.

എ.ഡി.1137(ഹി.532)ൽ ഇറാക്കിലെ തിക്രീത്തിലായിരുന്നു സ്വലാഹുദ്ദീന്റെ ജനനം. ഇസ്‌ലാമിക വിശ്വാസാചാരങ്ങളിൽ കൃത്യനിഷ്ഠ പുലർത്തിയിരുന്ന അദ്ദേഹം ജമാഅത്തായി നമസ്കരിക്കുകയും സ്ഥിരമായി ഖുർആൻ പാരായണം ശ്രവിക്കുകയും ചെയ്യുന്ന വിഷയത്തിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സുന്ദരമായ സ്വഭാവത്തിന്റെയും സുഗന്ധിയായ സംസാരത്തിന്റെയും ഉടമയെന്നാണ് ഫലസ്തീനിന്റെ ചരിത്രം രേഖപ്പെടുത്തിയ ഡോ.ത്വാരിഖ് സുവൈദാൻ അദ്ദേഹത്തെ വിശേഷിപ്പിച്ചത്.

### എർസ്കെൻ ചിൽഡേഴ്സ് ഹാമിൽട്ടൺ

യൂറോപ്യൻ സമൂഹം ഏറെ ക്രൂരമായും അതേസമയം അറബ് മുസ്‌ലിം സമൂഹങ്ങൾ വളരെ താത്പര്യത്തിലും കാരുണ്യത്തിലും യഹൂദസമൂഹങ്ങളോട് അനുവർത്തിച്ചതിനെ താരതമ്യം ചെയ്തുകൊണ്ട് എർസ്കെൻ ചിൽഡേഴ്സ് ഹാമിൽട്ടൺ (Erskine Hamilton Childers,1905-1974) എന്ന അയർലണ്ടുകാരനായ രാഷ്ട്രീയ ചിന്തകൻ രചിച്ച താരതൃപഠനം ഈ വിഷയത്തിൽ ഒട്ടനവധി ചരിത്രസത്യങ്ങളിലേക്ക് വെളിച്ചം വീശുന്നതാണ്. സ്പെയിൽനിന്നും യഹൂദരുടെ സംഘം മൊറോക്കോയിലെത്തി അവിടുത്തെ അറബ്മുസ്‌ലിം സമൂഹത്തോട് തങ്ങളുടെ ദുരന്തപൂർണമായ അവസ്ഥയെപ്പറ്റി വിശദീകരിക്കുകയും സ്പെയിനിൽ തങ്ങൾ അനുഭവിച്ചുവരുന്ന മർദന-പീഡനങ്ങളിൽനിന്നും രക്ഷനേടാൻ ആവശ്യമായ സഹായങ്ങൾ ചെയ്തുനൽകണമെന്ന് അഭ്യർഥിക്കുകയും ചെയ്തതായി ഈ രേഖകൾ സംസാരിക്കുന്നു. സ്പെയിനിലെ അവസാനത്തെ ഇസ്‌ലാമിക ഭരണകൂടമായിരുന്ന 'ബനിൽഅഹ്മറി'ന്റെ ഭരണകാലത്ത് എല്ലാവിധത്തിലുള്ള സ്വാതന്ത്ര്യവും അനുഭവിച്ചുകൊണ്ട് പരമസന്തോഷത്തിലും സുഖത്തിലുമായി യഹൂദസമൂഹം കഴിഞ്ഞുവന്നതായും ചരിത്രം രേഖപ്പെടുത്തുന്നു.

### സ്പാനിഷ് വംശജരായ ഖഷ്താലീൻ

ക്രി:1367ൽ സ്പാനിഷ് വംശജരായ ഖഷ്താലീൻ (Castilians) ഭരണകൂടം യഹൂദരെ ക്രൂരമായി വേട്ടയാടി. ആത്മരക്ഷാർഥം യഹൂദർ മുസ്‌ലിം ഭൂരിപക്ഷമായ ഗ്രാനഡയിലേക്ക് പലായനം ചെയ്തു. ബനിൽ അഹ്മർ വംശജനായ മുഹമ്മദ് അഞ്ചാമന്റെ കോട്ടത്തളത്തിലാണ് മുന്നൂറിൽപരം യഹൂദ കുടുംബങ്ങൾക്ക് അന്ന് അഭയം ലഭിച്ചത്. ഇബ്റാഹീം ബിൻ സർസാർ എന്ന യഹൂദൻ ബനിൽഅഹ്മറിന്റെ രാജസദസ്സിലും സാമുവൽ തഗ്റാല ബനീസീരിയുടെ രാജസദസ്സിലും ഭിഷഗ്വരനായി നിയോഗിക്കപ്പെട്ടു. ഖഷ്ത്താലിയൻ ഭാഷയിലും അറബിയിലും ഒരുപോലെ പ്രാവീണ്യമുണ്ടായിരുന്ന യഹൂദരിലെ പ്രമുഖ പണ്ഡിതന്മാരായ ഉസൈർ റുന്ദി, ഇസ്ഹാഖ് ബർഡോണിയൽ, അദ്ദേഹത്തിന്റെ മരുമകൻ ബുദാ എന്നിവരെ, ബനിൽ അഹ്മർ ഭരണകൂടത്തിലെ അവസാനത്തെ അധിപനായ അബ്ദുല്ലയുടെ നിർദേശമനുസരിച്ച് പരിഭാഷകന്മാരായി നിയോഗിക്കപ്പെട്ടു. ഇസ്‌ലാം പ്രഖ്യാപിച്ച ജീവകാരുണ്യം, ദയ, സ്നേഹപുരസ്സരമായ പെരുമാറ്റം തുടങ്ങിയ ആനുകൂല്യങ്ങളുടെ എറ്റവും മുഖ്യ ഉപഭോക്താക്കൾ മുസ്‌ലിം സമൂഹത്തിൽ അഭയാർഥികളായി എത്തപ്പെട്ട യഹൂദരാ



യിരുന്നുവെന്ന് ഈ ചരിത്ര വസ്തുതകൾ വ്യക്തമാക്കുന്നു.

### ഉസ്മാനി ഖിലാഫത്തിലെ യഹൂദർ

തുടർന്നുവന്ന ഉസ്മാനി ഖിലാഫത്തിലും യഹൂദർക്ക് അർഹമായ പരിഗണനയും പ്രാതിനിധ്യവും ലഭിച്ചു. ഖലീഫമാരായിരുന്ന ബായസീദ് രണ്ടാമനും സലിം ഒന്നാമനും ആവശ്യമായ ചികിത്സാവിധികൾ നിർണയിച്ചിരുന്നത് യൂസുഫ് ഹാമൂൻ എന്ന യഹൂദ ഭിഷഗ്വരനായിരുന്നു. തുടർന്ന് ഖലീഫയായി സ്ഥാനമേറ്റ സലിം രണ്ടാമന് വൈദ്യശാസ്ത്രവിധികൾ നിർണയിച്ചത് നേരത്തെ കൊട്ടാരം വൈദ്യനായിരുന്ന യൂസുഫ് ഹാമൂനിന്റെ മകൻ മൂസ ഹാമൂൻ എന്ന യഹൂദനായിരുന്നു. പരമ്പരാഗതമായി രാജകൊട്ടാരങ്ങളിൽ വൈദ്യശാസ്ത്ര വിദഗ്ധന്മാരായും രാജസദസ്സിലെ മുഖ്യ ഉപദേശികളായും മറ്റും ഉന്നതമായ സ്ഥാനങ്ങളിൽ യഹൂദർ അവരോധിക്കപ്പെട്ടിരുന്നതായും ഇസ്‌ലാമിക ഭരണകാലം അവരെ സംബന്ധിച്ചിടത്തോളം സുവർണ കാലമായിരുന്നുവെന്നും ഈ സംഭവങ്ങൾ തെളിയിക്കുന്നു.

### യഹൂദർ സ്പെയിനിൽ

മുസ്‌ലിം സൈന്യം സ്പെയിനിൽ അധിനിവേശം നടത്തിയപ്പോഴും എറ്റവുമധികം നേട്ടം ലഭിച്ചത് വേദഗ്രന്ഥത്തിന്റെ അനുയായികളായ യഹൂദർക്കായിരുന്നു. നേരത്തെ അവിടെ ഭരണം നിയന്ത്രിച്ചിരുന്നവർ യഹൂദരുടെ സമ്പത്തുകൾ കൊള്ളയടിക്കുകയും അവരുടെ ഭൂമിയും മറ്റും പിടിച്ചെടുത്ത് അവരെ ആട്ടിയോടിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇസ്‌ലാമിക സമൂഹത്തിന്റെ കടന്നുവരവോടെ ഇതിനെല്ലാം പരിഹാരമുണ്ടായി. യഹൂദർക്ക് നഷ്ടപ്പെട്ട എല്ലാ സമ്പത്തുകളും ഇസ്‌ലാമിക ഭരണാധികാരികൾ അവർക്ക് തിരികെ നൽകി. രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ ആരാധനാലയങ്ങൾ നിർമിക്കാനും സ്വതന്ത്രമായി ആരാധനാനുഷ്ഠാനങ്ങൾ നിർവഹിക്കാനും മതവിധികളിൽ അധിഷ്ഠിതമായി വ്യക്തിഗത പ്രശ്നങ്ങളിൽ വിധി

**മുസ്‌ലിം സൈന്യം സ്പെയിനിൽ അധിനിവേശം നടത്തിയപ്പോഴും എറ്റവുമധികം നേട്ടം ലഭിച്ചത് വേദഗ്രന്ഥത്തിന്റെ അനുയായികളായ യഹൂദർക്കായിരുന്നു. നേരത്തെ അവിടെ ഭരണം നിയന്ത്രിച്ചിരുന്നവർ യഹൂദരുടെ സമ്പത്തുകൾ കൊള്ളയടിക്കുകയും അവരുടെ ഭൂമിയും മറ്റും പിടിച്ചെടുത്ത് അവരെ ആട്ടിയോടിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇസ്‌ലാമിക സമൂഹത്തിന്റെ കടന്നുവരവോടെ ഇതിനെല്ലാം പരിഹാരമുണ്ടായി. യഹൂദർക്ക് നഷ്ടപ്പെട്ട എല്ലാ സമ്പത്തുകളും ഇസ്‌ലാമിക ഭരണാധികാരികൾ അവർക്ക് തിരികെ നൽകി. രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ ആരാധനാലയങ്ങൾ നിർമിക്കാനും സ്വതന്ത്രമായി ആരാധനാനുഷ്ഠാനങ്ങൾ നിർവഹിക്കാനും മതവിധികളിൽ അധിഷ്ഠിതമായി വ്യക്തിഗത പ്രശ്നങ്ങളിൽ വിധിനേടാനും യഹൂദർക്ക് മുസ്‌ലിം ഭരണാധികാരികൾ സ്വാതന്ത്ര്യം നൽകി.**

നേടാനും യഹൂദർക്ക് മുസ്‌ലിം ഭരണാധികാരികൾ സ്വാതന്ത്ര്യം നൽകി.

### ഇഗ്നസ് ഗോൾഡ് സിഹർ

മുസ്‌ലിം-ക്രൈസ്തവ-യഹൂദ സമൂഹങ്ങൾ തോളോടു തോൾ ചേർന്ന് ഐക്യത്തിലും സാഹോദര്യത്തിലും ജീവിച്ച ഒരു കാലത്തെപ്പറ്റി നന്ദിപൂർവം സ്മരിക്കുകയും ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തുകയും ചെയ്ത നിരവധി ഓറിയന്റലിസ്റ്റ് പണ്ഡിതന്മാരെ നമുക്ക് വായിക്കാനാകും. ഈ പരമ്പരയിൽ പ്രത്യേകം എടുത്തുപറയേണ്ടുന്ന ഹംഗേറിയൻ ചരിത്രപണ്ഡിതനാണ് ഇഗ്നസ് ഗോൾഡ് സിഹർ എന്ന ഇസ്ഹാഖ് യഹൂദ (Ignac Gold Ziher, 1850-1921). അദ്ദേഹത്തിന്റെ വാക്കുകൾ കാണുക: "ഏഴാം നൂറ്റാണ്ടിന്റെ ആദ്യപകുതി മുതൽ തന്നെ മതസ്വാതന്ത്ര്യത്തിന്റെ തത്ത്വങ്ങൾ പ്രകടമാക്കുന്ന ഇസ്‌ലാമിക ഭരണകൂടങ്ങളുടെ സഹിഷ്ണുതാപരമായ മനോഭാവങ്ങൾ ഏറെ പ്രകടമാണ്. വേദഗ്രന്ഥത്തിന്റെ അനുയായികൾക്ക് അവരുടെ മതപരമായ ആചാരങ്ങൾ അനുഷ്ഠിക്കാനുള്ള അവകാശം അവർക്ക് ലഭിച്ചുവന്നു. സഹിഷ്ണുതയുടെ ഇസ്‌ലാമിക മനോഭാവത്തിന് ഏറെ പഴക്കമുണ്ട്. സമകാലീനരായ അമുസ്‌ലിംകൾപോലും ഈ ആന്തരാത്മാവിനെ അംഗീകരിച്ചുപോന്നിട്ടുണ്ട്. മതത്തിൽ ബലപ്രയോഗമില്ലെന്ന അടിസ്ഥാന തത്ത്വത്തിൽനിന്നാണ് ഇതിന്റെ ഉത്ഭവം..."

'മുഹമ്മദ് നബിയും അനുയായികളും നിലകൊണ്ട ഇസ്‌ലാമിന്റെ യഥാർഥ സഹായികളാണ് വഹാബികൾ' എന്ന് ഗോൾഡ് സീഹർ തന്റെ രചനയിൽ അവിതർക്കിതമായ നിലയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇസ്‌ലാമിനെ അതിന്റെ തനതായ ശൈലിലേക്ക് മടക്കികൊണ്ടുവരലാണ് വഹാബികളുടെ ദൗത്യമെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

അതേസമയം ഇസ്‌ലാമിക വിശ്വാസത്തെയും ആചാരങ്ങളെയും ഏറെ തെറ്റുധരിപ്പിക്കാൻ പര്യാപ്തമായനിലയിലും ഇഗ്നസ് സിഹർ ഗ്രന്ഥരചന നടത്തിയത് വിസ്മരിക്കാനാവില്ല. ഇയാളുടെ നിരവധി ആരോപണങ്ങൾക്ക് വൈജ്ഞാനികമായി തടയിടാൻ മുസ്‌ലിം തത്ത്വചിന്തകന്മാർ നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഇന്ത്യയിലെയും വിദേശത്തെയും ഒട്ടുമിക്ക കലാലയങ്ങളിലും ഇസ്‌ലാമിക സംസ്കാരം- നിയമങ്ങൾ തുടങ്ങിയ വിഷയങ്ങൾ അക്കാദമിക സമൂഹത്തിന് പരിചയപ്പെടുത്തപ്പെടുന്നത് ഇത്തരം ഓറിയന്റലിസ്റ്റുകളുടെ രചനകളിലൂടെയാണ്. ഇന്ത്യയിൽ അലിഗർ മുസ്‌ലിം സർവകലാശാലയിലെ ഇസ്‌ലാമിക് സ്റ്റഡീസ് വിഭാഗത്തിലെ ചുവരിൽ ഗോൾഡ് സീഹറിന്റെ ചിത്രം നേരത്തെതന്നെ സ്ഥാനംപിടിച്ചിട്ടുണ്ടായിരുന്നു.

### അർനോൾഡ് ടോയ്ൻബി

മുസ്‌ലിം സമൂഹത്തിൽ കഴിഞ്ഞുവന്ന യഹൂദ-ക്രൈസ്തവ സമൂഹ

ത്തോട് ഇസ്‌ലാം പ്രകടമാക്കിയ സഹിഷ്ണുതാപരമായ മനോഭാവത്തെ പ്രമുഖ ബ്രിട്ടീഷ് ചരിത്രനിരീക്ഷകനും പണ്ഡിതനുമായ അർനോൾഡ് ടോയ്ൻബി (Arnold J. Toynbee,1889-1975)യും തന്റെ 'ചരിത്രത്തെക്കുറിച്ചുള്ള പഠനത്തിൽ' (A Study of History) അംഗീകരിച്ചിട്ടുണ്ട്. ലോകചരിത്രം, സംഭവങ്ങളുടെ ഉത്ഭവം, വളർച്ച, പതനം എന്നിവയെ അടിസ്ഥാനപ്പെടുത്തി രചിച്ച പന്ത്രണ്ട് വാല്യങ്ങളുള്ള ഗ്രന്ഥത്തിൽ 'ഇസ്‌ലാം സ്വീകരിക്കാൻ അമുസ്‌ലിം സമൂഹങ്ങളെ നിർബന്ധിതരാക്കാനുള്ള ശ്രമത്തെക്കുറിച്ചോ, ഇതരമതങ്ങളെ ഉന്മൂലനം ചെയ്യാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള സംഘടിത പീഡനത്തെക്കുറിച്ചോ ഞങ്ങൾക്ക് കേൾക്കാനായിട്ടില്ല' എന്ന് ടോയ്ൻബി തുറന്നെഴുതിയിട്ടുണ്ട്. (A Study of History is a 12-volume universal history by the British historian Arnold J. Toynbee, published from 1934-1961).


### ഇമ്മാനുവേൽ ദോബഷ്

പ്രമുഖ യഹൂദ പണ്ഡിതനായ ഇമ്മാനുവേൽ ദോബഷ് മുസ്‌ലിംകളെക്കുറിച്ച് രേഖപ്പെടുത്തിയത്കാണുക: "വിജ്ഞാനത്തിന്റെ ദീപശിഖ യൂറോപ്പിലേക്ക് വഹിച്ചുകൊണ്ടുവന്നത് മുസ്‌ലിം സമൂഹമാണ്. തത്ത്വചിന്ത, വൈദ്യം, ജ്യോതിശാസ്ത്രം, കവിത തുടങ്ങിയ വൈജ്ഞാനിക ശാഖകൾ അവർ കിഴക്കിനെയും പടിഞ്ഞാറിനെയും അഭ്യസിപ്പിച്ചു. ഗ്രീസിന്റെ പൈതൃകവും ശാസ്ത്രവും പുനരുജ്ജീവിപ്പിച്ചത് അവരായിരുന്നു. അജ്ഞതയുടെ അന്ധകാരത്തിൽ മുങ്ങിപ്പോയ ലോകത്തിൽ അവർ അറിവിന്റെ വെളിച്ചംകൊണ്ട് എല്ലാ ഭാഗവും നിറച്ചു. വൈജ്ഞാനികതയ്ക്ക് മുഖ്യപരിഗണ നൽകിക്കൊണ്ട് അവർ ശാസ്ത്രത്തിന് അടിത്തറയിടുകയും ചെയ്തു..."

### അഹ്മദ് ദീദാത്തിന്റെ നിരീക്ഷണം

പ്രമുഖ ഇസ്‌ലാമിക പണ്ഡിതനും മതപ്രബോധകനും മതതാരതമ്യ രംഗത്തെ പ്രഗത്ഭനുമായിരുന്ന അഹ്മദ് ദീദാത്ത്(റഹ്) അദ്ദേഹത്തിന്റെ പ്രശസ്തമായ Arab's and Israel എന്ന രചനയിൽ അറബ് മുസ്‌ലിം സമൂഹവും ഇസ്രയേലിലെ നിലവിലെ യഹൂദരും തമ്മിലുള്ള പോരാട്ടത്തെ താരതമ്യം ചെയ്യുന്നത് ഇങ്ങനെ വായിക്കാം: "1930 കാലത്ത് ജർമൻ നാസികൾ യഹൂദരോട് വർത്തിച്ച അതേ നയങ്ങളും പെരുമാറ്റരീതികളുമാണ് നിലവിലെ യഹൂദസമൂഹം ഫലസ്തീനിലെ അറബികളോട് അനുവർത്തിക്കുന്നത്."

നിസ്സാരരിൽ നിസ്സാരരായിട്ടായിരുന്നു യഹൂദരെ ജർമനിയിൽ അക്കാലത്ത് കണ്ടുവന്നിരുന്നത്. കേവലം മാനുഷികമായ പരിഗണനപോലും അർഹിക്കാത്ത ഏതോ ജന്തുക്കൾക്ക് സമാനരായിരുന്നു ജർമൻ നാസിയുഗത്തിലെ യഹൂദർ. ക്രൂരമായ പീഡനങ്ങൾക്ക് ഇരയായിക്കൊണ്ടിരുന്ന യഹൂദർക്ക് ജീവൻ നിലനിർത്തണമെങ്കിൽ എല്ലാം ഉപേക്ഷിച്ച് പലായനം ചെയ്യേണ്ടുന്ന അവസ്ഥയായിരുന്നു. ജീവൻ വേണമെങ്കിൽ കൈയിൽ കിട്ടിയതും കെട്ടിപ്പെറുക്കി ജർമനി വിട്ടു പോകാനായിരുന്നു നാസിപ്പടയുടെ നിർദേശം. നിലവിലെ യഹൂദർ ഫലസ്തീനിലെ അറബികളോട് നിർദേശിക്കുന്നതും ഇതുതന്നെയാണ്. 'കടക്കൂ പുറത്ത്' എന്നത് ഇന്ന് യഹൂദർ വ്യാപകമായി ഉപയോഗിച്ചുവരുന്ന ഒരു സാങ്കേതിക പ്രയോഗമായി മാറിയിട്ടുണ്ട്. ഫലസ്തീനിലെ അറബികളെ ലക്ഷ്യമിട്ടു





കൊണ്ട് യഹൂദർ രചിച്ച ഒട്ടവധി ഗ്രന്ഥങ്ങൾ 'കടക്കൂ പുറത്ത്' എന്ന ലേബലിൽ ഉള്ളതാണ്. ഈ പ്രയോഗംതന്നെ നേരത്തെ അഭയം നൽകിയ അറബ് ഫലസ്തീനികളെ ലക്ഷ്യമിട്ടുകൊണ്ടുള്ളതാണെന്ന് വ്യക്തമാണ്. കാലങ്ങളായി നീറിപ്പുകയുന്ന അറബ്-ഇസ്രയേൽ പ്രശ്നത്തിനുള്ള ഏകപരിഹാരമായി യഹൂദ നേതാക്കളും അവരുടെ ആധുനിക വക്താക്കളും മുന്നോട്ടുവയ്ക്കുന്ന ഏക നിർദേശവും അറബികളുടെ കുടിയിറക്കം തന്നെയാണ്.

### ടൈംസിന്റെ ലേഖകൻ ഇലിക്സ് ഐ.സ്മീതിന്റെ പ്രതികരണം

കേവലം കല്ലുകൾ മാത്രമുപയോഗിച്ച് തങ്ങളുടെ ശത്രുവിനെതിരിൽ പ്രതികരിക്കുന്ന നിസ്സഹായരായ ഫലസ്തീൻ പൈതങ്ങളെ മാരകമായ ആയുധങ്ങളുപയോഗിച്ച് നേരിടുന്ന ഇസ്രയേലികളുടെ ക്രൂരമായ മനസ്സിനെ ചോദ്യം ചെയ്യുന്ന, പ്രമുഖ അമേരിക്കൻ ദിനപ്പത്രമായ 'ടൈംസ്'ന്റെ ലേഖകൻ ഇലിക്സ് ഐ.സ്മീതിന്റെ പ്രതികരണം 19/11/1989ൽ പുറത്തുവന്നത് യഹൂദരുടെ ക്രൂരമായ മനസ്സും പെരുമാറ്റവും ലോകസമൂഹത്തെ ബോധ്യപ്പെടുത്തുന്നതായിരുന്നു.

ബോംബും ഡൈനാമെറ്റുമുപയോഗിച്ച് ഫലസ്തീനികളുടെ കിടപ്പാടവും സാമഗ്രികളും തകർത്തെറിയാനാണോ നമ്മൾ അമേരിക്കൻ സമൂഹത്തിന്റെ നികുതിപ്പണത്തിൽനിന്നും മിച്ചംപിടിച്ച് ഇസ്രയേലികളെ സഹായിക്കുന്നതെന്ന ലേഖകന്റെ ചോദ്യം അക്ഷരാർഥത്തിൽ മാനവസമൂഹത്തിന്റെ കണ്ണുകൾ ഈ ക്രൂരതക്കെതിരിൽ തുറപ്പിക്കാൻ പര്യാപ്തമാണ്. ലോകത്തിന്റെ വിവിധകോണുകളിൽനിന്നും ഒഴുകിയെത്തുന്ന പരിധിയില്ലാത്ത 'ജീവകാരുണ്യ'ത്തിന്റെ ഓഹരികളും സഹായങ്ങളും സ്വീകരിച്ച് തികച്ചും അന്ധതയിലും ബധിരതയിലുമാണ് ഇന്നത്തെ ഇസ്രയേൽ തലമുറ മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്നത്. ■



# സൗജന്യനിയമസേവനം

**അബൂ ആദം അയ്മൻ**

രാജ്യത്ത് നിലവിലുള്ള സൗജന്യ നിയമസേവനസംവിധാനത്തെക്കുറിച്ച് നാം അറിഞ്ഞിരിക്കേണ്ടതുണ്ട്. നിയമത്തിന്റെ മുമ്പാകെയുള്ള സമത്വവും നിയമത്തിന്റെ തുല്യപരിരക്ഷയും ഇന്ത്യൻ ഭരണഘടന രാജ്യത്തെ പൗരന്മാർക്ക് ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളിൽ പെടുമെങ്കിലും പലർക്കും സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നാക്കസ്ഥിതി കാരണം, കോടതികളെ സമീപിച്ച് തങ്ങളുടെ ഈ അവകാശങ്ങൾ സ്ഥാപിച്ചെടുക്കാൻ കഴിയാതെവരുന്നുണ്ട്. അതിനാൽ ഈ അവകാശങ്ങൾക്ക് അർഹതപ്പെട്ട ഇത്തരക്കാർക്ക് സൗജന്യനിയമസേവനം നൽകി, ഈ ദുഃസ്ഥിതിക്ക് പരിഹാരമുണ്ടാക്കുക ലക്ഷ്യമാക്കിക്കൊണ്ട്, ഇന്ത്യൻ പാർലമെന്റ് 1987ൽ പാസ്സാക്കിയ നിയമമാണ് നിയമസേവനാധികാരസമിതി നിയമം (Legal Services Authorities Act).

ഈ നിയമം നടപ്പാക്കുന്നതിന് ദേശീയ, സംസ്ഥാന, ജില്ല, താലൂക്ക് തലങ്ങളിൽ നിയമസേവനാധികാരസമിതികൾ രൂപവത്കരിച്ചിട്ടുണ്ട്. നിയമസേവനാധികാരസമിതിയുടെ ചട്ടങ്ങൾ പ്രകാരമുള്ള കർത്തവ്യങ്ങൾ നിർവഹിക്കുന്നതിനും അധികാരങ്ങൾ പ്രയോഗിക്കുന്നതിനുമായി സുപ്രീം കോടതി നിയമസേവനസമിതി (Superme Court Legal Services Committee), ഹൈക്കോടതി നിയമസേവനസമിതികൾ (High Court Legal Services Committees), ജില്ലാ നിയമസേവന സമിതികൾ (District Legal Services Committees), താലൂക്ക് നിയമ സേവന സമിതികൾ (Taluk Legal Services Committees)എന്നിവയും

**സൗജന്യനിയമസേവനം ലഭിക്കുന്നതിന് അർഹരായ കക്ഷികൾ അതതു നിയമസേവനസമിതികൾ മുമ്പാകെ അപേക്ഷകൾ സമർപ്പിക്കേണ്ടതുണ്ട്. പ്രതിവർഷ കുടുംബവരുമാനം ഇരുപത്തയ്യായിരം രൂപയിൽ കുറവായവർ സൗജന്യ നിയമസേവനത്തിന് അർഹരാണ്. അമ്പതിനായിരം രൂപയിൽ കുറവ് പ്രതിവർഷ കുടുംബവരുമാനമുള്ളവർക്ക് സുപ്രീം കോടതിയിൽ സൗജന്യ നിയമസേവനം ലഭിക്കുന്നതായിരിക്കും.**

സംഘടിപ്പിച്ചിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർ, യാചകവൃത്തി, വേശ്യാവൃത്തി, അടിമവേല എന്നിവയ്ക്കായി അനധികൃതമായി കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളവർ, കുട്ടികൾ, സ്ത്രീകൾ, വികലാംഗക്ഷേമ നിയമപരിധി യിൽ പെടുന്നവർ, പ്രകൃതിദുരന്തം, സാമുദായിക കലാപം, മത-വർഗീയ കലാപം, ഭൂകമ്പം, വ്യാവസായിക ദുരന്തം മുതലായവയ്ക്ക് ഇരയായവർ, പുനരധിവാസാലയങ്ങൾ, ജുവനൈൽ ഹോമുകൾ, അനാഥാല യങ്ങൾ, മാനസികരോഗാശുപത്രികൾ എന്നിവയിലെ അന്തേവാസികൾ മുതലായവർക്ക് ഈ നിയമപ്ര കാരം സൗജന്യ നിയമസേവനം ലഭിക്കുന്നതാണ്.

ഇന്ത്യൻ ചീഫ് ജസ്റ്റീസ് ആണ് ദേശീയ നിയമസേവനാധികാരസമിതിയുടെ രക്ഷാധികാരി. സമിതിയുടെ എക്സിക്യൂട്ടീവ് ചെയർമാൻ ഒരു സുപ്രീംകോടതി ജഡ്ജിയായിരിക്കും. രാഷ്ട്രപതിയാണ് നിയമനം നടത്തുക. ആസ്ഥാനം ഡൽഹിയാണ്. സംസ്ഥാന നിയമസേവനാധികാരസമിതി സംസ്ഥാന ചീഫ് ജസ്റ്റീസ് രക്ഷാധികാരിയായുള്ള സമിതിയാണ്. ഈ സമിതിയുടെ എക്സിക്യൂട്ടീവ് ചെയർമാൻ ഒരു ഹൈക്കോടതി ജഡ്ജിയായിരിക്കും. സംസ്ഥാന ഗവർണറാണ് നിയമനം നടത്തുക. കേരളത്തിലെ ഈ സമിതിയുടെ ആസ്ഥാനം എറണാകുളമാണ്. ജില്ലാ സേവനാധികാരസമിതിയുടെ എക്സിക്യൂട്ടീവ് ചെയർമാൻ ജില്ലാ ജഡ്ജിയായിരിക്കും. അതതു പ്രദേശങ്ങളിലെ കഴിവുറ്റ അഭിഭാഷകരുടെ ഒരു പാനൽ ജില്ലാനിയമസേവനാധികാര സമിതികൾ ഉണ്ടാക്കുന്നതാണ്. ഈ പാനലിൽനിന്നുള്ള അഭിഭാഷകരിലൂടെയായിരിക്കും ജില്ലാ കോടതികൾ മുതൽ താഴോട്ടുള്ള കോടതികളിൽ സൗജന്യനിയമസേവനം എത്തിക്കുന്നത്.

സുപ്രീംകോടതി നിയമസേവനസമിതി ചെയർമാൻ ഒരു സുപ്രീംകോടതി ജഡ്ജിയായിരിക്കും. ഇന്ത്യൻ ചീഫ് ജസ്റ്റീസ് ആണ് നിയമനം നടത്തുക. ഹൈക്കോടതി നിയമസേവനസമിതി ചെയർമാൻ ഒരു ഹൈക്കോടതി ജഡ്ജിയായിരിക്കും. സംസ്ഥാന ചീഫ് ജസ്റ്റീസ് ആണ് നിയമനം നടത്തുക. കേരളത്തിലെ സമിതി എറണാകുളത്തു പ്രവർത്തിക്കുന്നു. ജില്ലാ നിയമസേവനസമിതിയുടെ ചെയർമാൻ ഒരു ജില്ലാ ജഡ്ജിയായിരിക്കും. ജില്ലാ ആസ്ഥാനത്ത് പ്രവർത്തിക്കുന്നു. താലൂക്ക് നിയമസേവനസമിതിയുടെ ചെയർമാൻ ഒരു സബ് ജഡ്ജിയോ, മജിസ്ട്രേറ്റോ മുൻസിഫോ ആയിരിക്കുന്നതാണ്. താലൂക്ക് ആസ്ഥാ നത്തു പ്രവർത്തിക്കുന്നു.

സൗജന്യനിയമസേവനം ലഭിക്കുന്നതിന് അർഹരായ കക്ഷികൾ അതതു നിയമസേവനസമിതികൾ മുമ്പാകെ അപേക്ഷകൾ സമർപ്പിക്കേണ്ടതുണ്ട്. പ്രതിവർഷ കുടുംബവരുമാനം ഇരുപത്തയ്യായിരം രൂപയിൽ കുറവായവർ സൗജന്യ നിയമസേവനത്തിന് അർഹരാണ്. അമ്പതിനായിരം രൂപയിൽ കുറവ് പ്രതിവർഷ കുടുംബവരുമാനമുള്ളവർക്ക് സുപ്രീംകോടതിയിൽ സൗജന്യ നിയമസേവനം ലഭിക്കുന്നതായിരിക്കും.

നിയമസേവനാധികാര സമിതികൾ ലോക് അദാലത്തുകൾ വഴി നീതിന്യായത്തർക്കങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനു പുറമെ, 2005ൽ രൂപം നൽകപ്പെട്ട ദേശീയ സാക്ഷരതാമിഷന്റെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഹൈസ്ക്കൂൾ-കോളേജ് തലങ്ങളിലും ഗ്രാമങ്ങൾതോറുമായി നിയമസാക്ഷരതാ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിലും ശ്രദ്ധിച്ചുപോരുന്നു. നിയമകാര്യങ്ങൾ സംബന്ധിച്ച പരിജ്ഞാനത്തിൽ പിന്നാക്കാവസ്ഥയിൽ കഴിയുന്നവർക്ക് നിയമവിജ്ഞാനം പകർന്നുനൽകുന്നതിനും നിയമനിരക്ഷരർക്ക് നിയമബോധവൽക്കരണം നൽകുന്നതിനും നിയമസേവനാധികാരസമിതികൾ നൽകിപ്പോരുന്ന സേവനം ഏറെ വിലപ്പെട്ടതാണ്.

*(അവലംബം)*

# ശൈഖുൽ ഇസ്‌ലാം ഇബ്‌നു തൈമിയ്യയുടെ അവസാന നാളുകൾ




**നൂറുദ്ദീൻ സ്വലാഹി വെട്ടത്തൂർ**

ശൈഖുൽ ഇസ്‌ലാം ഇബ്‌നു തൈമിയ്യ(റഹ്), അഹ്‌ലുസ്സുന്നയുടെ നിലപാടിൽ അടിയുറച്ചു നിന്നതിന്റെ പേരിൽ ഏഴുതവണ ജയിൽവാസം വിധിക്കപ്പെട്ട മഹാപണ്ഡിതൻ. ഹിജ്‌റ 728ൽ ഡമസ്‌കസിലെ ജയിലിൽവച്ചുതന്നെയാണ് അദ്ദേഹം മരണപ്പെടുന്നതും.

ശാഫിഈ പണ്ഡിതനും പ്രമുഖ ക്വുർആൻ വ്യാഖ്യാതാവുമായ ഇബ്‌നു കസീർ(റഹ്) 'അൽബിദായ'യിൽ തന്റെ ഉസ്താദായ ഇബ്‌നു തൈമിയ്യയുടെ അവസാന നിമിഷങ്ങൾ വിവരിക്കുന്നുണ്ട്:

"ഡമസ്‌കസിലെ ജയിലിൽ വിശുദ്ധ ക്വുർആനുമായി സമയം കഴിച്ചുകൂട്ടുകയായിരുന്നു അദ്ദേഹവും സഹോദരനും... ക്വുർആൻ പാരായണം ചെയ്യുന്നതിനിടയിൽ സൂറത്തുൽ ക്വമറിലെ 'തീർച്ചയായും ധർമനിഷ്ഠ പാലിച്ചവർ ഉദ്യാനങ്ങളിലും അരുവികളിലുമായിരിക്കും' എന്ന സൂക്തം എത്തിയപ്പോൾ ഇമാം ഇഹലോകവാസം വെടിഞ്ഞു. മരണവാർത്തയറിഞ്ഞ് നാനാഭാഗത്തുനിന്നും ജനങ്ങൾ തടിച്ചുകൂടി. തിക്കും തിരക്കും കാരണം പലർക്കും അവരുടെ ചെരിപ്പും തൊപ്പിയുമെല്ലാം നഷ്ടമായി. ജനാസ നമസ്‌കാരം ദ്വുഹ്‌റിന് മുമ്പ് നിർവഹിക്കാനാണ് കരുതിയിരുന്നതെങ്കിലും അസ്‌റിന് ശേഷമാണ് മറവ് ചെയ്യാനായത്.

ഇത്രമേൽ ജനസാന്നിധ്യമുള്ള ഒരു ജനാസ നമസ്‌കാരത്തിന് ഇതിനു മുമ്പ് ഡമസ്‌കസ് പട്ടണം സാക്ഷ്യം വഹിച്ചിട്ടില്ല. ഒരു ലക്ഷത്തോളം വരുന്ന പുരുഷന്മാരും പതിനയ്യായിരത്തോളം വരുന്ന സ്ത്രീകളും അവിടെ തടിച്ചുകൂടി. തിരക്കു കാരണം പട്ടണത്തിലെ പല കടകളും ആ ദിവസം അടഞ്ഞുകിടക്കുകയായിരുന്നു. പലരും ഭക്ഷണം പാകംചെയ്തിരുന്നില്ല. ഭക്ഷണം കഴിക്കാൻ സമയം കിട്ടാത്തതുകാരണം പലരും നോമ്പിലായിരുന്നു. (നാട്ടിലെ) മൂന്നു പണ്ഡിതന്മാർ ഒഴിച്ച് എല്ലാവരും അദ്ദേഹത്തിന്റെ ജനാസക്ക് സാക്ഷികളായായിരുന്നു. ആ മൂന്നുപേരും അദ്ദേഹത്തിന്റെ ശത്രുക്കളായതുകൊണ്ട് ജനങ്ങൾ അവരെ വല്ലതും ചെയ്യുമോ എന്ന് ഭയപ്പെട്ട് അവർ മാറി നിന്നു. ജനസഞ്ചയത്തിനിടയിലൂടെ ആ ജനാസ അകലുമ്പോൾ ഒരാൾ വിളിച്ചുപറഞ്ഞു: 'ഇപ്രകാരമായിരിക്കും അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാരുടെ ജനാസ...' ഇതുകേട്ട് ആളുകളെല്ലാം വിങ്ങിപ്പൊട്ടി" (അൽബിദായ വന്നിഹായ).

ഇബ്‌നു കസീർ(റഹ്) ശൈഖുൽ ഇസ്‌ലാമിന്റെ ജനാസയുടെ അരികിലെത്തി. ആ നെറ്റിയിൽ ഒരു ചുംബനം നൽകിയശേഷം പറഞ്ഞു: 'തനിക്കുവേണ്ടി പ്രാർഥിക്കാൻ അദ്ദേഹത്തിന് ഒരു മകൻ ഉണ്ടായില്ലെങ്കിലും എന്നും തനിക്കായി പ്രാർഥിക്കുന്ന ഒരു വലിയ ജനസഞ്ചയത്തെ വിട്ടേച്ചുകൊണ്ടാണ് അദ്ദേഹം യാത്രപോയത്.'

ശൈഖുൽ ഇസ്‌ലാം വായിക്കുന്നവർക്ക് വലിയൊരു പാഠപുസ്തകമാണ്. ഇസ്‌ലാമിക വിജ്ഞാനീയങ്ങളിൽ അദ്ദേഹത്തിന്റെ മഷിപുരളാത്ത ഒരു മേഖലയുമില്ലെന്നു പറയാം. ശത്രുക്കൾക്ക് അദ്ദേഹം എന്നും തലവേദനയായിരുന്നു. പ്രമാണങ്ങൾക്ക് മുമ്പിൽ പ്രലോഭനങ്ങൾക്ക് വിധേയനാകാത്ത അദ്ദേഹത്തിന് അതുകൊണ്ടുതന്നെ അവർ നൽകിയത് കരാഗ്രഹമായിരുന്നു. ജയിലിൽവച്ച് ഇമാം പറഞ്ഞ ഒരു വാചകം ചരിത്രത്തിൽ മായാതെ കിടക്കുന്നുണ്ട്: 'ശത്രുക്കൾക്ക് എന്നെ എന്തു ചെയ്യാൻ സാധിക്കും? എന്റെ ആസ്വാദനങ്ങളുടെ പൂന്തോപ്പ് എന്റെ ഹൃദയത്തിലാണ്. ഞാൻ എങ്ങോട്ടു പോയാലും അതെന്റെ കൂടെയുണ്ടല്ലോ. തടവറ എനിക്ക് ശാന്തിനിറഞ്ഞ ഏകാന്തതയാണ്. അവരെന്നെ വധിച്ചാൽ അതെനിക്ക് രക്തസാക്ഷ്യമാണ്. അവരെന്നെ നാടുകടത്തിയാൽ അതൊരു വിനോദയാത്രയായിട്ടേ ഞാൻ കാണുന്നൊള്ളൂ.'

ശൈഖിന്റെ ശിഷ്യനായിരുന്ന ഇബ്‌നുൽ ക്വയ്യിമിന്(റഹ്), ജയിൽവാസത്തിനിടയിൽ അദ്ദേഹം എഴുതിയ കത്തിൽ ഇപ്രകാരം പറയുന്നുണ്ട്: 'അല്ലാഹുവാണെ സത്യം! എന്നെ ഇവിടെ തടവിലാക്കിയവർക്ക് ഈ കോട്ട നിറയെ സ്വർണം നൽകിയാലും അവരോടുള്ള എന്റെ ബാധ്യത തീരില്ല. കാരണം ക്വുർആനിക വിജ്ഞാനങ്ങളിൽ വലിയ പല പണ്ഡിതന്മാരും ആഗ്രഹിക്കുന്ന പലതും അല്ലാഹു എനിക്ക് ഇവിടെ വച്ച് തുറന്നുതന്നു.'



# നന്മയിൽ മത്സരിക്കാം

അർഷദ് അൽഹികമി, താനൂർ

സ്നേഹം നിറഞ്ഞ കുട്ടികളേ,

ഇസ്‌ലാം നന്മയുടെ മതമാണ്. ഒരു തിന്മയെയും ഇസ്‌ലാം അംഗീകരിക്കുന്നില്ല. അതുകൊണ്ട് നമ്മളെല്ലാം നന്മകൾ ചെയ്യുന്നവരായാണ് ജീവിക്കേണ്ടത്. അതാണ് യഥാർഥ മുസ്‌ലിമിന്റെ അടയാളം. എന്തിനാണ് നാം തെറ്റുകൾ ചെയ്യാതെയും നല്ലതു മാത്രം ചെയ്തും ജീവിക്കുന്നതെന്ന് നിങ്ങൾ ക്കറിയില്ലേ? പരലോകത്ത് സ്വർഗം ലഭിക്കുവാൻ തന്നെ!

മുഹമ്മദ് നബി(സ്വ) എല്ലാ മനുഷ്യർക്കും മാതൃകയായിട്ടാണ് ജീവിച്ചത്. എല്ലാ നന്മകളും ചെയ്യുന്നവരും നന്മകൾ ചെയ്യുന്നതിൽ മത്സരബുദ്ധി കാണിക്കുന്നവരുമായിരുന്നു നബി(സ്വ)യുടെ ശിഷ്യന്മാർ. അവരാണ് സ്വഹാബിമാർ എന്ന പേരിൽ അറിയപ്പെടുന്നത്.

സ്വർഗം ലഭിക്കുക എന്നതായിരുന്നു സ്വഹാബിമാരുടെയെല്ലാം ലക്ഷ്യം. അതിനുവേണ്ടി എന്തു പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സഹിക്കുവാനും അവർ തയ്യാറായിരുന്നു. അതിനുവേണ്ടിയായിരുന്നു അവരുടെ മത്സരവും. നന്മയുടെ മാർഗത്തിലുള്ള മത്സരത്തിൽ എപ്പോഴും മുന്നിലെത്താൻ അവർ പരിശ്രമിച്ചു.

അബൂബക്കർ(റ) ആയിരുന്നു ദാനധർമങ്ങളുടെ കാര്യത്തിൽ എപ്പോഴും ഒന്നാമതെത്തുക. അങ്ങനെയിരിക്കെ തബൂക്ക് യുദ്ധം വന്നെത്തി. മുസ്‌ലിംകൾ സാമ്പത്തികമായി പ്രയാസമനുഭവിക്കുന്ന സമയമായിരുന്നു അത്. മദീനയലെ കൃഷിയിൽ വന്ന നഷ്ടമാണ് ഏറെ പ്രയാസമുണ്ടാക്കിയത്.

നബി(സ്വ) സ്വഹാബിമാരോട് സാധിക്കുന്ന വിധം ദാനം ചെയ്യാൻ ആവശ്യപ്പെട്ടു. ഇത് അറിഞ്ഞതോടെ ഇത്തവണയെങ്കിലും തനിക്ക് നന്മയിൽ അബൂബക്കറി(റ)നെ മുൻകടക്കണം എന്ന് ഉമർ(റ) ആഗ്രഹിച്ചു. തന്റെ സമ്പത്തുമായി അദ്ദേഹം നബി(സ്വ)യുടെ അടുത്തെത്തി. നബി(സ്വ) അദ്ദേഹത്തോട് ചോദിച്ചു:

“താങ്കൾ കുടുംബത്തിന് എന്താണ് ബാക്കിവെച്ചത്?”

“എന്റെ പകുതി സമ്പാദ്യം കുടുംബത്തിന് മിച്ചം വെച്ചു. പകുതി ഞാൻ ദാനം ചെയ്യാൻ തീരുമാനിച്ചു” ഉമർ(റ) പറഞ്ഞു. എന്നിട്ട് തന്റെ സമ്പത്ത് അദ്ദേഹം നബി(സ്വ)യെ ഏൽപിച്ചു.

തന്റെ സമ്പാദ്യവുമായി അബൂബക്കറും(റ) നബി (സ്വ)യുടെ അരികിലെത്തി. അദ്ദേഹത്തോടും നബി (സ്വ) ചോദിച്ചു:

“താങ്കൾ എന്താണ് കുടുംബത്തിനുവേണ്ടി മിച്ചം വെച്ചിരിക്കുന്നത്?”

അദ്ദേഹത്തിന്റെ മറുപടി ഇപ്രകാരമായിരുന്നു:

“എന്റെ വീട്ടിൽ അവർക്കായി ഞാൻ ബാക്കി വെച്ചിരിക്കുന്നത് അല്ലാഹുവിനെയും അല്ലാഹുവിന്റെ റസൂലിനെയുമാണ്.”

ഇവിടെയും അബൂബക്കർ(റ) ആണ് ഒന്നാമനായത്. കാരണം അല്ലാഹുവിന്റെ പ്രതിഫലം കൊതിച്ച് തന്റെ സമ്പാദ്യം മുഴുവനും അദ്ദേഹം ദാനം ചെയ്തിരുന്നു!

ഇപ്രകാരമായിരുന്നു സ്വഹാബിമാരുടെ ജീവിതം. നന്മ ചെയ്യുവാനുള്ള ഒരവസരവും അവർ പാഴാക്കിയിരുന്നില്ല. കൂട്ടുകാരേ, നമ്മളും ഇങ്ങനെ നന്മകളിൽ മുന്നേറുവാൻ ശീലിക്കണം. ചെറുപ്പം തൊട്ടേ നന്മകൾ ചെയ്തു ശീലിച്ചാലേ വലുതായാലും അത് നിലനിർത്താൻ സാധിക്കുകയുള്ളൂ.



# സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട

**ആഷിൽ**

റോഡിന്മേലെത്തിയാൽ കൂട്ടുകാരേ,
ടാറിട്ട ഭാഗമൊഴിച്ചിടേണേ!
റോഡ് മുറിച്ചു കടക്കുന്നേരം
രണ്ടറ്റോം നന്നായി കണ്ണെത്തേണേ!
റോഡിൽ നടക്കുമ്പോൾ കൂട്ടുകാരേ,
റോഡിൻ വലതറ്റം ചേർന്നുപോണേ!
റോഡിൻ വലതറ്റം ചേർന്നുപോയാൽ
ജീവൻ സുരക്ഷ നമുക്ക് കിട്ടും!
ബസ്സിൽ കയറിയാൽ കൂട്ടുകാരേ,
കൈയും തലയും പുറത്തിടല്ലേ;
കൈയും തലയും പുറത്തിട്ടാലോ,
കൈയറ്റുപോകും തലയും പോകും!
നീന്താനറിയില്ലേൽ കൂട്ടുകാരേ,
നീരാറ്റിലൊന്നുമിറങ്ങീടല്ലേ;
നീന്താനറിയാതെ വീണെങ്കിലോ
വെള്ളത്തിൽ മുങ്ങി മരിച്ചുപോകും!
തീയോടടുക്കുമ്പോൾ കൂട്ടുകാരേ,
കുഞ്ഞുടുപ്പും മെയ്യും സൂക്ഷിക്കേണേ!
തീപൊള്ളലേൽക്കാനിടവന്നാലോ,
പൂമേനി കത്തിക്കരിഞ്ഞു പോകും!
പട്ടി കടിച്ചാലെൻ കൂട്ടുകാരേ,
വീട്ടിൽ പറയാൻ മടിച്ചിടല്ലേ;
വീട്ടിൽ പറയാൻ മടിച്ചെന്നാലോ
'പേ' വന്നൊടുക്കം മരിച്ചുപോകും!

WISDOM BOOKS

# പുറത്തിറങ്ങി..!!!

₹710 വിലയുള്ള
പുസ്തകങ്ങൾ ഇപ്പോൾ
25% വിലക്കിഴിവിൽ




CALL: +91 7356 766 478
http://www.wisdombooksonline.com

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
30 December 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-




GET IT ON Google Play
Download on the App Store

പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ

| | |
|---|---|
| A/C No. | 918010068641992 |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm